# GOVT.GIRLS HSS MAVELIKARA



# കൈത്തിരി

School Magazine 2019

A LITTLE KITEs IT CLUB PUBLICATION

## GOVT.HSS FOR GIRLS MAVELIKARA



**Smt.J.Pankajakshi**

**Principal**



**Smt.**

**Sujatha.P**

**Headmistress**

## സന്ദേശം

സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ പുറത്തിറങ്ങുന്ന ഇ-മാഗസിനായ "കൈത്തിരി" യ്ക്ക് എല്ലാ ഭാവുകങ്ങളും നേരുന്നു.ഇത് ഇത്തരത്തിലുള്ള പ്രഥമ സംരംഭമാണ്.എന്നിരുന്നാലും ഇതിനു വേണ്ടി രചനകൾ എഴുതാനും സമാഹരിച്ച ടൈപ്പ് ചെയ്തു ഒരു മാഗസിന രൂപത്തിലേക്കാനും പരിശ്രമിച്ച ലിറ്റിൽ കൈറ്റ്സ് അംഗങ്ങളോട് അഭിനന്ദനം അറിയിക്കുന്നു. "കൈത്തിരി"യുടെ വെളിച്ചം നാടെങ്ങും പരക്കട്ടെ.

Smt.Sujatha. P, HM



## സന്ദേശം

സ്കൂളിലെ **ലിറ്റിൽ കൈറ്റ്സ് യൂണിറ്റ്** ആഭിമുഖ്യത്തിൽ ഒരു ഇ മാഗസിൻ **"കൈത്തിരി"** എന്ന പേരിൽ തയ്യാറാവുന്നതായി അറിയാൻ കഴിഞ്ഞു. ഇത്തരം മാഗസിൻ കേരളത്തിലെ എല്ലാ ലിറ്റിൽ കൈറ്റ്സ് യൂണിറ്റുകളും തയ്യാറാക്കുന്നുണ്ട്.പഠന രംഗത്തും പഠ്യേതര രംഗങ്ങളിലും എന്നും മുൻപന്തിയിൽ നിൽക്കുന്ന ഒരു വിദ്യാഭ്യാസ സ്ഥാപനമാണ് ഗവണ്മെന്റ് ഗേൾസ് ഹൈസ്കൂൾ,മാവേലിക്കര.ആ പാരമ്പര്യം ഈ മാഗസിന്റെ കാര്യത്തിലും പിൻതുടരുമെന്നു ഞാൻ ഉറച്ചു വിശ്വസിക്കുന്നു **"കൈത്തിരി"യ്ക്ക്** എല്ലാ ഭാവുകങ്ങളും അർപ്പിക്കുന്നു .

**Ajith G**
**P T A President**

## എഡിറ്റോറിയൽ

ഒരു ഇ മാഗസിൻ തയ്യാറാക്കുന്നത്തിനെ പറ്റി KITE MASTER പ്രസാദ് സാറും KITE MISTRESS ആശ ടീച്ചറും കൂടി ഞങ്ങളോട് പറഞ്ഞപ്പോൾ ഇത് എന്താണ് എന്ന് ഞങ്ങൾക്ക് വലിയ ആശങ്കയായിരുന്നു.തുടർന്ന് ഞാൻ അതിന്റെ എഡിറ്റർ ആയി അവരോധിക്കപ്പെടുകയും ചെയ്തു.പക്ഷെ ഞങ്ങൾ എല്ലാവരും ചേർന്ന് ഇത് ഒരുക്കി തുടങ്ങിയപ്പോൾ കാര്യങ്ങൾ രസകരമായി തോന്നി. ഇതിന്റെ ഓരോ പ്രവർത്തനങ്ങളും.....ടൈപ്പിങ്ങും,സ്കാനിങ്ങും ഫോട്ടോ എടുക്കലും ഒക്കെ ഞങ്ങൾ എത്ര ആസ്വദിച്ചാണ് ചെയ്തതെന്നോ.അങ്ങനെ ഞങ്ങളുടെ കൈത്തിരി ഞങ്ങൾ ഇതാ കൊളുത്തി വച്ചിരിക്കുന്നു.......ഇതിന്റെ പ്രകാശം നിങ്ങളുടെ കണ്ണുകളിലും പ്രതിഫലിക്കും എന്ന് പ്രതീക്ഷിക്കട്ടെ........ഞങ്ങളുടെ ഈ മാഗസിൻ ഈ രൂപത്തിലാക്കാൻ ഞങ്ങൾക്കൊപ്പം നിന്ന എല്ലാ ലിറ്റിൽ കൈറ്റ് അംഗങ്ങളെയും,അദ്ധ്യാപകരെയും PTA അംഗങ്ങളെയും ഞാൻ നന്ദിയോടെ സ്മരിക്കുന്നു.

–

**സ്നേഹത്തോടെ**

**എം എസ് ഗൗരി നന്ദന, 9C (Student എഡിറ്റർ)**

# ആമുഖം

കേരളമൊട്ടാകെ എല്ലാ സ്കൂളുകളിൽ നിന്നും Little KITEs ന്റെ ആഭിമുഖ്യത്തിൽ പ്രസിദ്ധീകരിക്കുന്ന ഇ -മാഗസിന് നമ്മുടെ സ്കൂളിൽ നിന്നും "കൈത്തിരി" എന്ന പേരിൽ ഇതാ നിങ്ങളുടെ കയ്യിലെത്തുകയാണ്. നമ്മുടെ സ്കൂളിന്റെ ചരിത്രത്തിലെ ഏറ്റവും സ്മരണാർഹമായ ദിനങ്ങളിലൂടെയാണ് നാമിപ്പോലൾ കടന്നു പോവുന്നത്. നാം മൊത്തമായി നവീകരിക്കപ്പെട്ടുകൊണ്ടിരിക്കയാണ്. പഴയ കെട്ടിടങ്ങൾ പൊളിച്ച മാറ്റി പുതിയവ വരുന്നു.പഴയ ക്ലാസ്സ്മുറികൾ മാറി ഹൈടെക് ക്ലാസ്സ് മുറികളാവുന്നു.നമ്മുടെ പഴയ ഗേറ്റ് പോലും സ്ഥാനം മാറുന്നു. അതിനൊക്കെ ഒപ്പം ഇതാ നാമ്മുടെ ആദ്യ മാഗസിൻ-"കൈത്തിരി". "എന്റെ വിദ്യാലയ"മാണ് കൈത്തിരിയുടെ വിഷയം. അവരവരുടെ വിദ്യാലയ,വിദ്യലയനുബന്ധ അനുഭവങ്ങൾ കുട്ടികളും അധ്യാപകരും ഇവിടെ പങ്കുവയ്ക്കുന്നു.അറിവിന്റെ, സ്നേഹത്തിന്റെ ആത്മവിശ്വാസത്തിന്റെ, ആത്മാഭിമാനത്തിന്റെ, നന്മയുടെ, കരുണയുടെ കൈത്തിരിവെട്ടം നമുക്കീ കൈത്തിരിയിൽ കൊളുത്തിവെക്കാം.ഒന്നിൽ നിന്നൊന്നിലേക്കു പകർന്ന് നമ്മുടെ വീടിനെ,നാടിനെ,രാജ്യത്തെ പിന്നെ വിശ്വത്തെയാകെ പ്രകാശമാനമാക്കാം .കൂടെനിന്ന ഓരോരുത്തർക്കും കൂപ്പുകൈ

സ്നേഹത്തോടെ

ആശ ഭരതൻ (എഡിറ്റർ,KITE Mistress)

എം എസ് ഗൗരി നന്ദന ,9 C (Student എഡിറ്റർ)

## ഉള്ളടക്കം


| നംമ്പർ | വിഷയം | പേജ് |
|---|---|---|
| 1 | വ്യക്തി വിശേഷങ്ങൾ | 31 |
| 2 | വിവിധ ക്ലബ്ബുകൾ | 36 |
| 3 | നിറങ്ങളുടെ ലോകം - കുട്ടികൾ വരച്ച ചിത്രങ്ങൾ | 38 |
| 4 | വിദ്യാലയ സ്മരണകൾ- N. Manikuttan HST | 40 |
| 5 | കിഴക്കിന്റെ വെനീസിലൂടെ ഒരു യാത്ര – Adya P. Geeth | 44 |
| 6 | First day at School – Devika. R | 49 |
| 7 | Value of Friendship – Devika. R | 50 |
| 8 | അമ്മ – Sajini. A.K | 51 |
| 9 | My School Memories – Rejeena Raji | 52 |
| 10 | ഓർമ്മകൾ മേയുന്ന ഈ നറുമുറ്റത്ത് - | 53 |
| 11 | നമുക്ക് ഒരു അങ്കിൾ ഉണ്ടായിരുന്നു - Asha Bharatha HST | 54 |
| 12 | വിദ്യയുടെ പൂന്തോട്ടം - Anaswara .R | 55 |
| 13 | ഭൂമിപ്പെണ്ണ് - Asha Raghavan UPSA | 56 |
| 14 | അധ്യാപനത്തിന്റെ നാളുകൾ - N.R. Girijakumari HST | 58 |
| 15 | My heaven – Angela Rose George | 59 |
| 16 | സ്ക്കൂളിലെ പാഠ്യേതര പ്രവർത്തനങ്ങൾ - Gouri Namdana. M.S | 60 |
| 17 | എന്റെ വിദ്യാലയം - D.Savitha HST | 61 |
| 18 | സ്നേഹം എന്ന വരദാനം - C.K. Lakshmi Devi | 62 |
| 19 | എന്റെ വിദ്യാലയം -Danya Karthik | 63 |

| | | |
|---|---|---|
| 20 | Study Tour Report – Sreya. B.S | **64** |
| 21 | എന്റെ വിദ്യാലയ ജീവിതം - Derny Oommen HST | **67** |
| 22 | പഞ്ചമി- SUJATHA D | **68** |
| 23 | My School – Anikitha. S | **69** |
| 24 | Father – Athira Anil | **70** |
| 25 | My School - Gouri Namdana. M.S | **71** |
| 26 | എന്റെ വിദ്യാലയം - Neetha krishnan. P | **72** |
| 27 | My School Days – C.K.lakshmi Devi | **73** |
| 28 | My favourite School – Gouri. C.N | **77** |
| 29 | Mother – Athira Anil | **78** |
| 30 | School:A wonderful journey of ...M.S Archa | **78** |
| 31 | ഓർമ്മകൾക്ക് എന്ത് മധുരം - Sreelakshmi Biju | **79** |
| 32 | ഒരു കായികാധ്യാപികയുടെ ഓർമ്മക്കുറിപ്പ് - B.Syamalakumai PET | **80** |
| 33 | സ്ക്കൂളിലെ അനുഭവങ്ങൾ - Pooja Devi | **81** |
| 34 | Value of Friendship-Daya V.Das | **82** |
| 34 | നാല് പെൺ കുട്ടികൾ - Asha Bharathan | **83** |
| 35 | Amazing Gift fof Sara – Elsheba Ann Bini | **84** |
| 36 | My Best Friends- Sunila. R | **86** |
| 37 | തണൽ - Asha Bharathan | **88** |
| 38 | My School Days- C.K. Lakshmi Devi | **94** |
| 39 | ഇവർ വിരമിക്കുന്നു | **95** |

## പോയ വർഷം ചിത്രങ്ങളിലൂടെ.....

**സ്കൂൾ ചരിത്രത്തിലെ ഏറ്റവും മികച്ച റിസൽട്ടിന്റെ ലഹരിയിലാണ് പുതിയ അധ്യയന വർഷം മിഴിതുറന്നത്**






പഴയ ഗേറ്റ് ഓർമ്മ മാത്രമായി......



**TEACHERS 2018-19**

**Green Protocol** പാലിക്കുന്നതിന്റെ ഭാഗമായി സ്കൂളിൽ പേപ്പർ പേനകൾ വിതരണം ചെയ്യാൻ തീരുമാനിക്കുകയും സുജാത ടീച്ചറിന്റെ നേതൃത്വത്തിൽ എല്ലാകുട്ടികൾക്കും ഉള്ള പേനകൾ നിർമ്മിച്ച് വിതരണം ചെയ്യുകയും ചെയ്തു



Education is the most powerful weapon which you can use to change the world

# പ്രവേശനോത്സവം





*Education is the foundation upon which we build our future*




## ആദ്യ സ്റ്റാഫ് മീറ്റിംഗ്..



*Education is the shared commitment between dedicated teachers, motivated students and enthusiastic parents with high expectations.*

## പരിസ്ഥിതി ദിന കാഴ്ചകൾ







**വായന ദിനം with** ശ്രീ.വി ആർ സുധീഷ്



*The whole purpose of Education is to turn mirrors into windows*

## ഒരു അസംബ്ലി



*An ounce of practice is worth more than tons of preaching*

*Mahatma Gandhi*

## മാത്സ് ക്ലബ് പ്രോഗ്രാം






## അധ്യാപകദിനം



Satisfaction lies in the effort, not in the attainment, full effort is full victory.
Mahatma Gamdhi



An investment in knowledge pays the best interest
-Benjamin Franklin





Education is not preparation for life; education is life itself
-John Dewey



Terraced field
in Lyme Regis
a duct along a
Submitted









"Education is the ability to listen to almost anything without losing your temper or your self-confidence."

— Robert Frost

"Intelligence plus character-that is the goal of true education."
— Martin Luther King Jr.




*The roots of Education are bitter, but the fruit is sweet*

*- Aristotle*


SEWAGE TREATMENT PLANT
Aeriation tank





*Education is the passport to the future, for tomorrow belongs to those who prepare for it today. ...*

# പുതിയ കെട്ടിടത്തിന്റെ ശിലാസ്ഥാപനം





## MLA ഫണ്ട് ഉപയോഗിച്ച് നിർമിച്ച റസ്റ്റ് റൂം ഉൽഘാടനം



## ഗൈഡ്സ് യൂണിറ്റിന്റെ പ്രവർത്തനങ്ങൾ





## SPC പ്രവർത്തനങ്ങളിലേക്ക് ഒരു എത്തിനോട്ടം




SPC
സ്റ്റുഡന്റ് പോലീസ് കേഡറ്റ്
എ.ആർ.ആർ.ആർ.വി.എം
ഗവ: ഗേൾസ് എച്ച്.എസ്.എസ്, മാവേലിക്കര
എസ്.പി.സി
മെറിറ്റ് ഡേ-2018
2018 എസ്.എസ്.എൽ.സി, പ്ലസ്ടു
പരീക്ഷകളിൽ A+ കരസ്ഥമാക്കിയ
സ്റ്റുഡന്റ് പോലീസ് കേഡറ്റുകളെ
അനുമോദിക്കുന്നു
ഒക്ടോബർ 10 ബുധൻ ഉച്ചയ്ക്ക് 1.00 മണി
സ്ഥലം : സ്കൂൾ ഓഡിറ്റോറിയം
അദ്ധ്യക്ഷ
ശ്രീമതി ലീലാ അഭിലാഷ്
(ബഹു. മുനിസിപ്പൽ ചെയർപേഴ്സൺ, മാവേലിക്കര)
ഉദ്ഘാടനം
ശ്രീ. പി. വിജയൻ ഐ.പി.എസ്
(എസ്.പി.സി സ്റ്റേറ്റ് നോഡൽ ഓഫീസർ, ഐ.ജി അഡ്മിനിസ്ട്രേഷൻ)



**നവോത്ഥാന ക്വിസ്**

**മത്സാരവിജയികൾ**

**സമ്മാനം ഏറ്റു വാങ്ങുന്നു**



## സംസ്ഥാന തല റോൾ പ്ലേയ് മത്സരത്തിൽ മൂന്നാം സ്ഥാനം കരസ്ഥമാക്കിയ ടീം



## SSLC ,+2 വിദ്യാർത്ഥിനികൾക്കായി PTA ഒരുക്കിയ ശ്രീ മധു ഭാസ്കർ ന്റെ മോട്ടിവേഷണൽ ക്ലാസ്സ്






G·G·H·S·SCHOOL
ENTRANCE

# വ്യക്തികൾ വിശേഷങ്ങൾ

## സ്വാതി എസ്



ദേശീയ സബ്ജ്ജൂനിയർ ടെന്നിക്കോയറ്റ് മത്സരത്തിൽ വെള്ളിമെഡൽ ജേതാവ്

## ഗൗരി കൃഷ്ണ ആർ



സംസ്ഥന സ്കൂൾ കളോൽസവങ്ങളിൽ തുടർച്ചയായ മൂന്ന വർഷങ്ങളിൽ കഥാപ്രസംഗം എ ഗ്രേഡ് നേടിയ മിടുക്കി .മാവേലിക്കര കോട്ടക്കകത്തു ശ്രീരേഖയിൽ സർക്കാർ ഉദ്യോഗസ്ഥരായ ശ്രീ രാജീവിന്റെയും ശ്രീമതി ഗിരിജയുടെയും ഏക മകളാണ് ഈ 10A ക്കാരി

## മീനാക്ഷി പി ആർ



സംസ്ഥന സ്കൂൾ കലോൽസവങ്ങളിൽ തുടർച്ചയായ മൂന്ന വർഷങ്ങളിൽ കഥാപ്രസംഗം എ ഗ്രേഡ് നേടിയ കഥാപ്രസംഗം ടീമിൽ പിന്നണിയായിരുന്നു.

## നിത്യ സുരേഷ്



ജില്ലാ ശാസ്ത്രമേളയിൽ ഭാസ്കരാചാര്യ സെമിനാറിൽ "Mathematics and Physics "എന്ന വിഷയത്തിൽ സെമിനാര് അവതരിപ്പക്കുയും ഒന്നാം സ്ഥാനം കൈക്കലാക്കുകയും ചെയ്തു ഈ മുടുക്കിയും 10 A ക്കാരി ആണ് മാവേലിക്കര അനയടിക്കാവ് ശ്യാമള ഭവനത്തിൽ, ശ്രീ സുരേഷിന്റെയും,ശ്രീമതി ബിന്ദുവിന്റേയും മകളാണ്

## സോഫി ലൈജു



തുടർച്ചയായി രണ്ട് തവണ സംസ്ഥാന കലോത്സവത്തിൽ എ ഗ്രേഡ് നേടിയ കഥാ പ്രസംഗത്തിൽ പിന്നണിയായിരുന്നു.മാവേലിക്കര കല്ലുമല സുനിത ഭവനത്തിൽ ശ്രീ ലൈജു ജോയി യുടെയും ശ്രീമതി സുനിത ലൈജു വിൻെറയും മകളാണ് ഈ 10 ബി ക്കാരി

## ദിയ ബി എസ്



തുടർച്ചയായ രണ്ടു വർഷങ്ങളിൽ കഥകളിയിൽ സംസ്ഥാന ,ജില്ലാ തല മത്സരങ്ങളിൽ A ഗ്രേഡ് നേടിയ ഈ 10 A ക്കാരി. ചെട്ടികുളങ്ങര കണ്ണമംഗലം, സൗപർണ്ണികയിൽ,എഞ്ചിനീയർ ആയ ശ്രീ.ശിവൻ പിള്ളയുടെയും ശ്രീമതി ബിന്ദുവിന്റേയും മകളാണ്. കലാമണ്ഡലം ശ്രീ.കൃഷ്ണപ്രസാദിന്റെ ശിഷ്യയാണ്.

## ആദ്യ പി ഗീത്



ജില്ലാതല കരാട്ടെ ചാമ്പ്യൻഷിപ്പിൽ രണ്ടാം സ്ഥാനം കരസ്ഥമാക്കിയ ഈ 7 A കാരി മാവേലിക്കര തട്ടാരമ്പലം പേള ധന്യയിൽ,ബിസിനസ്സുകാരനായപ്രഗീതിന്റെയും പോസ്റ്റ്മാസ്റ്റർ ആയ ജിഷയുടെയും മകളാണ് .



## ശ്രീലക്ഷ്മി എസ്

സംസ്ഥാന തല റോൾ പ്ലേയ് മത്സരത്തിൽ മൂന്നാം സ്ഥാനം നേടിയ ടീം അംഗം. മാവേലിക്കര മങ്കംകുഴി,സജിഭവനിൽ.ശ്രീ. പി കെ സതീഷിന്റെയും ശ്രീമതി സിന്ധുവിന്റെയും മകളാണ് .9 A യിൽ പഠിക്കുന്നു .

## അലീന അഷ്റഫ്

സംസ്ഥാന തല റോൾ പ്ലേയ് മത്സരത്തിൽ മൂന്നാം സ്ഥാനം നേടിയ ടീം അംഗം. മാവേലിക്കര മാങ്കാംകുഴി,മൽഹാറിൽ ശ്രീ അഷ്റഫിന്റെയും( തഴക്കര പഞ്ചായത്ത് അംഗം) ശ്രീമതി റജീനയുടെയും മകളാണ് ഈ 9 A ക്കാരി .



## പ്രണിബ പ്രഭ



സംസ്ഥന തല Role Play മത്സരത്തിൽ മൂന്നാം സ്ഥാനം നേടിയ ടീമംഗമാണ് ഈ 9 സി കാരി ലിറ്റിൽ കൈറ്റ്സ് അംഗമാണ്. .മാവേലിക്കര,പ്രായിക്കര,കഞ്ചമൽ തറയിൽ പ്രണിബ ഹൗസിൽ ശ്രീ പ്രഭുവിന്റെയും ജയറാണിയുടെയും മകളാണ് .

## അമൃത അജിത്കുമാർ

ജില്ലാ സ്പോർട്സ് മത്സരത്തിൽ സബ്ജൂനിയർ വിഭാഗത്തിൽ 100 മീറ്റർ 200 മീറ്റർ ഓട്ടത്തിനും ലോങ്ങ് ജമ്പിനും ഒന്നാം സ്ഥാനം നേടിയ ഈ കൊച്ചുമിടുക്കി മാവേലിക്കര കൊറ്റാർകാവ് പനയനാമുറിയില് ശ്രീ അജിത് കുമാറിന്റെയും തങ്കത്തിന്റെയും മകളാണ് .7 A യിൽ പഠിക്കുന്നു.



## ദേവനന്ദന വി ആർ



സംസ്ഥാന തല റോൾപ്ലേയ് മത്സരത്തിൽ മൂന്നാം സ്ഥാനം നേടിയ ടീം അംഗം. മാവേലിക്കര വെട്ടിയാർ നന്ദുണിയിൽ ശ്രീ വിനോദിന്റെയും ശ്രീമതി രശ്മിയുടെയും മകളാണ് ഈ 9 A ക്കാരി .

## ഗൗരിനന്ദന എം എസ്



സംസ്ഥാന തലത്തിൽ മൂന്നാം സ്ഥാനം നേടിയ ഇംഗ്ലീഷ് റോൾപ്ലേ ടീം അംഗമായ ഈ ലിറ്റിൽ കൈറ്റ്, 9C ഡിവിഷനിൽ പഠിക്കുന്നു.

## GOWRI NANDANA S

രണ്ടു തവണ ജില്ലയിൽ ഫസ്റ്റും സംസ്ഥാനത്ത് ഡിസ്കസ് ത്രോയിൽ നാലാം സ്ഥാനവും ഷോട്ട് പുട്ടിൽ ഏഴാം സ്ഥാനവും കരസ്ഥമാക്കിയ ഈ 10 ബി കാരി മാവേലിക്കര ഓലകെട്ടിയമ്പലം പി എൽ കെ സദനത്തിൽ ശ്രീ അജിത്തിന്റെയും ശ്രീജയുടെയും മകളാണ്



## ഡാർലി പോൾ
## HST Natural Science



തുടർച്ചയായ രണ്ടു വർഷത്തിൽ നമ്മുടെ സ്കൂളിനെ പ്രതിനിധീകരിച്ച സംസ്ഥാന ശാസ്ത്ര മേളയിൽ അധ്യാപകരുടെ റിസർച്ച് ടൈപ്പ് പ്രൊജക്റ്റ് മത്സരത്തിൽ പങ്കെടുത്തു,സമ്മാനാർഹയായി.കൊല്ലകടവ് കുളത്തിന്റെ പടീറ്റതിൽ ശ്രീ ബിനോയ് കെ ഡേവിഡിന്റെ ഭാര്യയാണ് .പ്ലസ് ടു വിദ്യാർത്ഥിയായ ബൈറ്റിലി ബിനോയ് ഡേവിഡ് ,ആറാം ക്ലാസ് വിദ്യാർത്ഥിയായ ആക്സ അന്ന ബിനോയ് എന്നിവർ മക്കളാണ് .

**സുജാത ഡി**
**UPSA**



തുടർച്ചയായ മൂന്ന് വർഷങ്ങളിൽ നമ്മുടെ സ്കൂളിനെ പ്രതിനിധികരിച്ച സംസ്ഥാന സ്കൂൾ ശാസ്ത്ര മേളയിൽ പങ്കെടുത്തു സമ്മാനങ്ങൾ നേടുകയുണ്ടായി .ജില്ലാ റിസോഴ്സ് പേഴ്സണായും പ്രവർത്തിക്കുന്നു . തുറമുഖ വകുപ്പ് മേധാവി ശ്രീ അനിർകുമാറിന്റെ ഭാര്യയാണ് . എഞ്ചിനീറിങ് വിദ്യാർത്ഥിനിയായ പൂജ പി അനിലും ഡിഗ്രി വിദ്യാർത്ഥിനിയായ ദേവു പി അനിലും ആണ് മക്കൾ.

**ഡേർണി ഉമ്മൻ**
**HST Mathematics**



ഗണിത ശാസ്ത്ര ടീച്ചിങ് എയ്ഡ് മത്സരത്തിൽ കഴിഞ്ഞ മൂന്ന് വർഷം സംസ്ഥാന തലത്തിൽ പങ്കെടുക്കുകയുണ്ടായി.കൊല്ലം കുണ്ടറ ബേത്ത് ബെസോറിൽ ശ്രീ ബിനു മാത്യു പണിക്കരുടെ ഭാര്യയാണ് .എഞ്ചിനീയറിംഗ് വിദ്യാർത്ഥി എൽ.സാഫ് എം ബിനു, എട്ടാം ക്ലാസ് വിദ്യാർത്ഥിനി എൽഷബ ആൽ ബിനു എന്നിവർ മക്കളാണ് .

*************************

## വിവിധ ക്ലബ്ബുകൾ....പ്രവർത്തനങ്ങൾ

# കേരളാ സ്റ്റേറ്റ് ഭാരത് സ്കൗട്ട് ആൻഡ് ഗൈഡ്സ് _

മാവേലിക്കര ഗവ .ഗേൾസ് ഹയർ സെക്കണ്ടറി സ്കൂളിൽ പെണ്കുട്ടികൾക്കായുള്ള ഗൈഡ്സിന്റെ പ്രവർത്തനം 1970 കളിൽ ആരംഭിച്ചു. വിദ്യാർത്ഥിനികളിൽ സേവന മനോഭാവം വളർത്തുന്നതിനും കുട്ടികൾക്ക് സമൂഹത്തിനു വേണ്ടി നന്മ ചെയ്യാൻ കഴിയുമെന്നും തെളിയിച്ച ഒരു ആഗോള പ്രസ്ഥാനമാണിത്.2004 ൽ 4 യൂണിറ്റുകളുമായി ഇത് ആരംഭിച്ചു.100 ൽ പരം കുട്ടികൾക്ക് നാളിതുവരെ രാഷ്ട്രപതി അവാർഡ് നേടികൊടുക്കുന്നതിനും ആയിരത്തിൽ പരം കുട്ടികൾക്ക് രാജ്യപുരസ്കാർ അവാർഡ് നേടികൊടുക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്.

ഇപ്പോൾ ഗൈഡ്സിന്റെ ചുമതല വഹിക്കുന്നത് സിന്ധു .എസ് ,സുജാത .ഡി എന്നീ അധ്യാപികമാരാണ്

.

*******************

## JRC

മാവേലിക്കര ഗവ.GIRLS ഹയർ സെക്കണ്ടറി സ്കൂളിൽ 2011 -ഒക്ടോബറിൽ ആരംഭിച്ച JRC യൂണിറ്റ് പ്രവർത്തനങ്ങളിൽ എപ്പോഴും സജീവമാണ്.

കുട്ടികളിൽ അർപ്പണ ബോധവും സേവന മനോഭാവവും വളർത്തുന്നതിനും രോഗികൾക്കും,അശരണർക്കും.ആശ്വാസം നൽകാനുള്ള പ്രവർത്തനം നടത്തുന്നതിനും -JRC ,കുട്ടികൾക്ക്പരിശീലനം നൽകുന്നു -മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുന്ന സേവന പ്രവർത്തനങ്ങളിൾ ഏർപ്പെടുകയും ചെയ്യുന്നുണ്ട് സവിത .ഡി,ഡാർലി പോൾ എന്നി അധ്യാപകരാണ് ഇതിന്റെ സാരഥികൾ.

****************

## ലിറ്റിൽ കൈറ്റ്സ്

2018 -ലാണ് ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് കേരളത്തിൽ പിറവി എടുത്തത് . അതെ വർഷം തന്നെ നമ്മുടെ സ്കൂളിലും ഈ ക്ലബ് തുടങ്ങുകയുണ്ടായി .വിവര വിനിമയ സാങ്കേതിക വിദ്യയിൽ അഭിരുചിയും കഴിവും ഉള്ള കുട്ടികളുടെ ഒരു സംഘം വിദ്യാലയങ്ങളിൽ ലിറ്റിൽ കൈറ്റ്സ് രൂപപെടുത്തിയിരിക്കുന്നത് .ഇതിൽ അംഗമാകുന്നത് വഴി കുട്ടികളിൽ സാങ്കേതിക വിദ്യയും സോഫ്റ്റ്വെയറുകളും ഉപയോഗിക്കുന്നതിനു ഉള്ള പരിശീലനം കൂടുതൽ ആഴത്തിൽ ലഭ്യമാകുകയും ഇവ ഉപയോഗിക്കുമ്പോൾ പാലിക്കേണ്ട മര്യാദകളും മൂല്യങ്ങളും മനസ്സിലാവുകയും ചെറിയ സാങ്കേതിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പ്രാപ്തരാവുകയും ചെയ്യുന്നു .ഈ വർഷം 33 ലിറ്റിൽ കൈറ്റ്സ് ആണ് 9 -ആം ക്ലാസ്സിൽ ഉള്ളത് .8 -ആം ക്ലാസ്സിൽ പഠിക്കുന്ന കുട്ടികളിൽ നിന്നാണ് ലിറ്റിൽ കൈറ്റ്സ് -നെ തിരഞ്ഞെടുക്കുന്നത് .ശ്രീ പ്രസാദ്.വി ,ശ്രീമതി ആശ ഭരതൻ എന്നിവരാണ് കൈറ്റ്സ് -നു നേതൃത്വം വഹിക്കുന്നത് .

## സ്റ്റുഡെന്റ് പോലീസ് കേഡറ്റ് [SPC ]

കുട്ടികളിൽ നിയമബോധം, പൗരബോധം,സമത്വബോധം,മതേതര വീക്ഷണം, അന്വേഷണ ത്വര, നിരീക്ഷണ പാഠവും, നേതൃത്വശേഷി, സാഹസിക മനോഭാവം മൂല്യങ്ങൾ വളർത്തുന്നതിന് വേണ്ടി കേരളാപോലീസിന്റെ നേതൃത്വത്തിൽ വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് ഗതാഗതം, വനം, എക്സ്സൈസ്, തദ്ദേശസ്വയം ഭരണ വകുപ്പ് എന്നിവയുടെ സഹകരണത്തോടുകൂടി സ്കൂളുകളിൽ നടത്തുന്ന ഒരു പദ്ധതിയാണ്. 2010 ആഗസ്റ്റിൽ 2 കേരളത്തിലെ 127 സ്കൂളുകളിൽ ഈ പദ്ധതി ആരംഭിച്ചു .ഇന്ന് 645 സ്കൂളുകളിലായി ഏതാണ്ട് 1 ലക്ഷത്തിൽപരം കുട്ടികൾ എസ്.പി .സിയിൽ അംഗമായിട്ടുണ്ട്.

2010 ആഗസ്റ്റിൽ പ്രവർത്തനം ആരംഭിച്ചു. നമ്മടെ സ്കൂളിലെ എസ്.പി. സി യൂണിറ്റ് സ്കൂളിലെ പാഠ്യപാഠ്യേതര പ്രവർത്തനങ്ങളിലും സ്കൂളിന്റെ അച്ചടക്കം എന്നിവ നിലനിർത്തുന്നതിലും മുഖ്യം പങ്കുവഹിക്കുന്നു.2018 SSLC പരീക്ഷയിൽ SSLC ക്കു കിട്ടിയ 42 ഫുൾ എ+ ൽ 18 ഫുൾ എ+ ഉം SPC കുട്ടികൾക്കാണ്.









Anagha PS 7A


Angela Rose George 9C




എന്റെ വിദ്യാലയം
Erezha S.M.R.V.L.p.S School




എന്റെ വിദ്യാലയം
Gourinandana. G



# എന്റെ_വിദ്യാലയ_സ്മരണകൾ ''

**Sri N Manikkuttan-HST**

കണ്ണൂർ ജില്ലയിലെ ഇരിട്ടിക്കടുത്ത ആറാളം എന്ന സ്ഥലത്തെ ഗവ. ഹൈസ്കൂളിൽ അധ്യാപകനായി ജോലിയിൽ പ്രവേശിക്കുമ്പോൾ ആ സ്ഥലത്തെ കുറിച്ചോ അവിടുത്തെ ആള്കാരെകുറിച്ച യാതൊരു വിവരവുമില്ലായിരുന്നു .കുടിയേറിയ കോട്ടയം ജില്ലയിലെ കുറെ അധ്യാപകർക്ക് തെക്കൻ ജില്ലക്കാരനായ എന്നോട് ഒരു പ്രത്യേക മമത ഉണ്ടായിരുന്നു . എല്ലാം എനിക്ക് പുതുമയുള്ള കാര്യമായിരുന്നു .കുട്ടികളുടെ" മാഷേ " വിളി എന്നിൽ കൗതുകമുണർത്തി .എന്റെ സംസാരരീതിയും കുട്ടികളുടെ സംസാരരീതിയും പൊരുത്തപ്പെടാൻ അല്പകാലംവേണ്ടിവന്നു ."ഓന്റെ "."അനക്ക്",അപ്പോണ് ,കീഞ്ഞു ,ആനക്കുമേലാ,അന്റെ വറവ് ,ഇതുപോലുള്ള പടങ്ങൾ ആദ്യമായി കേൾക്കുമ്പോളുള്ള അപരിചിതത്വം കാലമേറെ കഴിഞ്ഞിട്ടും നിറം മങ്ങാതെ നിൽക്കുന്നു.പത്താം ക്ലാസ് പരീക്ഷ എഴുതുന്ന കുട്ടികളിൽ ജയിക്കുന്ന കുട്ടികളുടെ എണ്ണം വാര്യരെ കുറവായിരുന്ന ഒരു സ്കൂൾ ആയിരുന്നു . ഒരു വിഭാഗത്തിൽ പെട്ട കുട്ടികൾ പഠിക്കുന്നതുതന്നെ Driving License എടുക്കാൻ എങ്ങനെയെങ്കിലും പത്താം ക്ലാസ് വരെ പോകുക എന്ന ഉദ്ദേശത്തിലായിരുന്നു , ജയിച്ചാലും തോറ്റാലും അവിടെ വരെയേ പഠനം ഉള്ളൂ.സ്കൂളിന് ഒരു ക്വാർട്ടേർസ് ഉള്ളതിനാൽ അദ്ധ്യാപകർക്ക് താമസിക്കാൻപറ്റുമായിരുന്നു.എന്നാൽ അവിടെ ഒരു അദ്ധ്യാപികയും കുടുംബവും താമസിച്ചിരുന്നതിനാൽ പുരുഷ അദ്ധ്യാപകർക്ക് സ്കൂളിൽ തന്നെ തങ്ങേണ്ടി വന്നു . ആഴ്ചയിലും മാസത്തിലും പോയിവരുന്നവർ ആയിരുന്നു കൂടുതലും.നല്ല കുട്ടികളും സ്നേഹമുള്ള നാട്ടുകാരും ആയിരുന്നു .അവിടെവച്ചുണ്ടായ രസകരമായ അനുഭവങ്ങളിൽ ഒന്ന് -അവിടുത്തെ കുട്ടികളുടെ വിശ്വാസമാണ്.ഒരുദിവസം രണ്ടാം നിലയിലെ ക്ലാസ്റൂമിലെക്കു പോയ എന്നെ ഒരു പെൺകുട്ടി ഓടിവന്നു കൈയ്യിൽ തൊട്ടു .എന്നിട്ടു ആ കുട്ടി ഓടിപോയി .അടുത്തുണ്ടായിരുന്ന മറ്റൊരു കുട്ടിയോട് കാര്യം തിരക്കിയപ്പോൾ ഞാൻ ആശ്ചര്യപ്പെട്ടു ."മാഷിനെ തൊട്ടാൽ പുണ്യം കിട്ടും "എന്നൊരു വിശ്വാസം ഉണ്ട് .അവിടുത്തെ കുട്ടികളുടെ ഇടയിൽ .

മറ്റൊന്ന് അവിടുത്തെ അറബി മാഷുമായി ബന്ധമുള്ളതാണ് . അറബി മാഷ് അല്പം പൊക്കം കുറവുള്ളയാളും ചില കാര്യങ്ങളിൽ കർക്കശക്കാരനും മായിരുന്നു . ഒരു ദിവസം മാഷ് ക്ലാസ്സിലേക്ക് പോകുമ്പോൾ വരാന്തയിൽനിന്നും മാറാതെ നിന്ന വിദ്യാർത്ഥിയോട് അല്പം മോശമായി പെരുമാറി . ആ കുട്ടിയെ മാഷ് അടിച്ചു . പിറ്റേ ദിവസം അടി കൊണ്ട വിദ്യാർത്ഥിയും അച്ഛനും കൂടി മാഷിനെ വെട്ടാൻ ഒരു അരിവാളുമായി സ്കൂളിൽ വന്നു . ഭാഗ്യത്തിന് മാഷ് അന്ന് വന്നിരുന്നില്ല . സ്കൂളിൽ വല്യ ബഹളമായി എന്നാൽ ഈ സംഭവങ്ങളൊന്നും ഞാൻ അറിഞ്ഞതുമില്ല . ഉച്ച കഴിഞ്ഞാണ് ഈ സംഭവം നടന്നതിനെ കുറിച്ച് ഞാൻ അറിഞ്ഞത് . അപ്പോളാണ് ഞാൻ കൂടുതൽ ഭയന്നത് . ഈ മാഷ് ഞങ്ങളോടൊപ്പമാണ് താമസിച്ചിരുന്നത് . അറബി മാഷിനെ കാണാത്ത ദേഷ്യത്തിനു കൂടെ ഉള്ളവരുടെ മേലരിശം തീർക്കാൻ വന്നാലുള്ള അവസ്ഥയോർത്തുപോയി .

നിതിൻ എന്ന് പേരുള്ള എന്റെ ഒരു വിദ്യാർത്ഥിയെ ഈയിടെ അവിചാരിതമായി കണ്ടുമുട്ടി .ഒരു ബേക്കറിയിൽ ജോലി ചെയ്യുന്നു .ഷെഫ് ആണ് .ബേക്കറിയിൽ ചില സാധനങ്ങൾ വാങ്ങാൻ കയറിയ എന്നെ കണ്ടപ്പോൾ തന്നെ പഠിപ്പിച്ച മാഷാണ് എന്ന് തോന്നിയപ്പോൾ എന്റെ പിറകെ വന്നു മറ്റൊരു മാഷിന്റെ പേര് വിളിച്ചു . എന്നാൽ മാഷെ എന്ന വിളി എവിടയൊത്തട്ടി അയാളെ

ആദ്യം കണ്ടപ്പോൾ വെറുതെ ഒന്ന് ചിരിച്ചിരുന്നു . ഏതായാലും ഞാൻ എന്റെ പേര് പറഞ്ഞു . കണ്ണൂർ ജില്ലയിൽ ജോലി ചെയ്തിട്ടുണ്ട് എന്ന് പറഞ്ഞപ്പോൾ ആണ് തന്നെ പഠിപ്പിച്ചിട്ടുള്ള മാഷാണ് എന്ന് പറഞ്ഞത് . യുവാവായപ്പോഴത്തെ മാറ്റം ചെറിയ കുട്ടിയായിരുന്ന പോഴത്തെ പോലെയല്ലല്ലോ ? പത്തൊൻപതു വർഷങ്ങൾക്കുശേഷം ഉള്ള കൂടിക്കാഴ്ച . ഇപ്പോഴും ആശ്ചര്യം ,അത്ഭുതം മാറുന്നില്ല . ആ ദിവസം ഒരുപ്പാട് സന്തോഷമുള്ള ദിവസമായിരുന്നു .

തൊട്ടടുത്ത സ്കൂൾ വർഷം സ്ഥലം മാറ്റമായി .പയ്യന്നൂരിനടുത്തെ മാതമംഗലം ഗവണ്മെന്റ് ഹൈസ്കൂളിലേക്കു ആയിരുന്നു.ജില്ലയിൽ വളരെ കൂടുതൽ വിദ്യാർത്ഥികൾ പഠിക്കുന്ന സ്കൂളായിരുന്നു.നല്ലസ്കൂൾ ,നല്ലഅധ്യാപകർ,നല്ലനിവാസികൾ,എന്തിനേറെ വളരെ നന്നായി പഠിക്കുന്ന വിദ്യാർത്ഥികൾ .അദ്ധ്യാപക ജീവിതത്തിൽ മറക്കാനാവാത്ത സ്കൂൾ .ഒൻപതാം ക്ലാസ്സിലെ ഒൻപതാമത്തെ ഡിവിഷന്റെ ക്ലാസ് ചാർജ് എനിക്കായിരുന്നു.നല്ല വണ്ണം പഠിക്കുന്ന വിദ്യാർത്ഥികൾ ആയിരുന്നു എന്നതിന്റെ തെളിവായിരുന്നു ടെർമിനൽ പരീക്ഷകളിൽ ഒൻപതാം ക്ലാസ്സിൽ ഏറ്റവും കൂടുതൽ മാർക്ക് വാങ്ങുന്നവർ എപ്പോഴും എന്റെ ക്ലാസ്സുകാരായിരുന്നു .'നീതു 'എന്ന കുട്ടിയെ ഞാൻ ഇപ്പോഴും ഓർക്കുന്നു.അവിടുത്തെ ഒരു അധ്യാപകന്റെ അനന്തിരവൾ ആയിരുന്നു . ഈ മാതമംഗലത്തിനടുത്തായിരുന്നു കൈതപ്രം ദാമോദരൻ നമ്പൂതിരിയുടെ കുടുബം അദ്ദേഹത്തിന്റെ കുടുംബത്തിൽ പെട്ട ധാരാളം ആളുകൾ ആ സ്കൂളില്ലേ അദ്ധ്യാപകരായിരുന്നു അതുപോലെ തന്നെ ആ ഇല്ലാത്തെ കുട്ടികളെല്ലാം ഈ സ്കൂളിലെ വിദ്യാർത്ഥികളായിരുന്നു . സ്കൂൾ കലോത്സവമായാൽ ഒരു സബ് ജില്ലാ കലോത്സവത്തിന്റെ പ്രതീതിയാണ് . അതുപോലെ തന്നെ യാണ് സ്പോർട്സ് . അവിടെയുള്ള ഒരു എട്ടു കെട്ടുകാണാൻ പോയി. നമ്മെ അത്ഭുതപ്പെ ടുത്തുന്ന ധാരാളം കാര്യങ്ങൾ അവിടെ കാണാൻ കഴിഞ്ഞു . ഞാൻ താമസിച്ചിരുന്ന സ്ഥലത്തിന്റെ പേര് 'കണ്ടുമിതാര് 'എന്നായിരുന്നു.അതിനു തൊട്ടടുത്തായി കടന്നപ്പള്ളി .പ്രസിദ്ധ നൃത്തദമ്പതിമാരായ ധനഞ്ജയൻ ,ശാന്ത ധനഞ്ജയൻ ഇവരുടെ 'ഭാസ്കര 'എന്ന പേരിൽ ഒരു സ്ഥാപനം ഉണ്ടായിരുന്നു .ഒരു വലിയ കുന്നിന്റെ മുകളിലായിരുന്നു .തൊട്ടടുത്തു ഒരു ചെറിയ ശിവക്ഷേത്രമുണ്ടായിരുന്നു,ധാരാളം വിദേശികൾ നൃത്ത പഠനത്തിനും മറ്റു കലകൾ പഠിക്കുന്നതിനായി അവിടെ എത്താറുണ്ടായിരുന്നു .മിക്കവാറും ദിവസങ്ങളിൽ ഞാനും എന്റെ സുഹൃത്തുംകൂടി അവിടം സന്ദർശിക്കുക പതിവായിരുന്നു . രണ്ടു സ്റ്റാഫ് റൂമുണ്ടായിരുന്നു .അധ്യാപകന്മാർക്കും അധ്യാപികമാർക്കും.എല്ലാവരും നല്ലവരായിരുന്നു.വെക്കേഷനായാൽ നാട്ടിൽ പോകുമ്പോൾ രണ്ടുമാസത്തെ ശമ്പളം ഏതെങ്കിലും ഒരു അധ്യാപകൻ നൽകിയാണ് ഞങ്ങളെ യാത്രയാക്കുന്നത് .പ്രഥമ അധ്യാപകൻ ഒഴികെ ബാക്കിയെല്ലാവരും സ്നേഹ നിധികളായിരുന്നു.അവിടെയും ഏറെനാൾ സേവനമനുഷ്ഠിക്കാൻ കഴിഞ്ഞില്ല .കാരണം സ്വന്തം ജില്ലയായ ആലപ്പുഴയിലേക്ക് സേവനമനുഷ്ഠിക്കാനുള്ള കത്ത് വന്നു.അങ്ങനെ ആലപ്പുഴയിലെത്തി .

ചേർത്തലയ്ക്കടുത്തു പെരുമ്പളം എന്ന ദ്വീപിലായിരുന്നു എന്റെ ആദ്യനിയമനം ആ ഒറ്റപ്പെട്ട ദ്വീപിലെ ഒരേയൊരു ഹൈസ്കൂൾ. ബസ്സിറങ്ങി ,ബോട്ടിലോ ,ജങ്കാറിലോ കയറിവേണം സ്കൂളിലെത്താൻ .സ്കൂളിനടുത്തായി സ്ഥിരമായി അദ്ധ്യാപകർ താമസിക്കുന്ന ഒരു വീട്ടിൽ ഞാനും അന്തേവാസിയായി .അവിടെയുണ്ടായിരുന്ന കുളത്തിൽ കുട്ടികളെ നീന്തൽ പഠിപ്പിക്കാൻ കഴിഞ്ഞതിൽ ഞാൻ അതിയായി സന്തോഷിക്കുന്നു .അവിടെ ഗസ്റ്റ് അധ്യാപകനായി വർക്ക്ചെയ്തിരുന്ന അശ്വനി എന്ന് വിളിച്ചിരുന്ന (കേട്ടപ്പോൾ സ്ത്രീയാണെന്നാണ് ഞാൻ കരുതിയത് )അശ്വനീകുമാറിന്റെ കൈ പൊള്ളിയതും ,ആശുപത്രിയിൽ കൊണ്ടുപോയ അനുഭവങ്ങളും ഓർക്കുമ്പോൾ ഞാൻ ഇപ്പോഴും

ഊറിച്ചിരിക്കാറുണ്ട് .

പതിമൂന്നു മാസത്തെ സേവനത്തിനു ശേഷം ഹരിപ്പാട് ബോയ്സ് സ്കൂളിലേക്കു ട്രാൻസ്ഫറായി വന്നു. ആൺകുട്ടികൾ മാത്രമുള്ള ക്ലാസുകൾ മറ്റു ക്ലാസ്സുകളിൽ നിന്നും വ്യത്യാസം. ഭാഗ്യം കൊണ്ട് നല്ല ഒരു ക്ലാസ്സിന്റെ ക്ലാസ് ടീച്ചറായി. ആൺകുട്ടികളെ അടക്കിയിരുത്തി ക്ലാസ്സെടുക്കുക വളരെ ബുദ്ധിമുട്ടുള്ള കാര്യമായിരുന്നു. കുട്ടികളോടുള്ള ഇടപെടലിലൂടെ അവരെ പാട്ടിലാക്കി. ഒരുവിധം സന്തോഷത്തോടെ കഴിഞ്ഞു വന്നതിനിടയിലാണ് ആലപ്പുഴ വിദ്യാഭ്യാസ ഉപാധിരക്റുടെ സർപ്രൈസ് വിസിറ്റ്. എല്ലാ ക്ലാസ്സുകളും അരിച്ചു പെറുക്കി നോക്കി. എന്റെ ക്ലാസ്സിലെ കുട്ടികളെ അഭിനന്ദിക്കുകയും ചെയ്തു. എന്നാൽ കുട്ടികളുടെ എണ്ണമനുസരിച്ച് അധ്യാപകരുടെ എണ്ണം ക്രമീകരിച്ചപ്പോൾചില അധ്യാപകരുടെ പോസ്റ്റ് പോയി, ജൂനിയറായിരുന്നഎനിക്ക് പണികിട്ടി. അങ്ങനെയാണ് മംഗലം ഗവണ്മെന്റ് ഹൈസ്കൂളിലെത്തുന്നത്. സാധ്യായ ദിവസങ്ങളിൽ കടലിന്റെ ഓരം ചേർന്നു ഈ യാത്ര അത്യന്തം ഹൃദയകാരിയായിരുന്നു. നല്ല സ്കൂൾ അന്തരീക്ഷം. പാവപ്പെട്ട വീട്ടിലെ എഴുത്തുകാരുടെ മക്കൾ. പ്രീഡിഗ്രികാലത്തെ എന്റെ ഒരു ക്ലാസ്സ്മേറ്റ് അവിടെ അധ്യാപകനായിയുണ്ടാരുന്നു. അവിടെയും പഠിക്കുന്ന കുട്ടികളുടെ എണ്ണം കുറവാണ്. എന്നാൽ കുട്ടികൾ നല്ലവരാണ്, സ്നേഹനിധികളാണ് അതോടൊപ്പം നിഷ്കളങ്കരാണ്. ഏകദേശം അഞ്ചുവർഷത്തെ സേവനത്തിനുശേഷം എന്റെ സൗകര്യാർത്ഥം അറിഞ്ഞ് മാവേലിക്കര കുന്നം ഗവൺമെന്റ് ഹൈ സ്കൂളില്ലേക് മാറ്റം വാങ്ങി വന്നത്.വിരലിലെണ്ണോൻ മാത്രം കുട്ടികൾ.പലപ്പോഴും ക്ലാസ്സിന്റെ പ്രതീതി തീരെയില്ല. വീടിന് അടുത്തയത് കൊണ്ട് എനിക്ക് ഏറ്റവും അനുഗ്രഹമായ ഒരു സ്കൂൾ.കാരണം എല്ലാ ദിവസവും ഉച്ചയ്ക്ക് വീട്ടിൽ വന്ന് ഉച്ചക്കത്തെ ഭക്ഷണം കഴിക്കാം.യാത്രകൾക്ക് സമയം കുറവുമദി എന്നതിനാൽ വേഗം സ്കൂളിലേക്കും തിരിച്ചു വീട്ടിലും എത്താം. ചെറിയസ്കൂൾ എന്നാൽ വളരെയേറെ സൗകര്യങ്ങൾ.ധാരാളം വിദ്യാഭ്യാസ പ്രവർത്തനങ്ങൾ നടത്തുന്നതിനും അതിനു നേതൃത്വം കൊടുക്കുന്നതിനും കഴിഞ്ഞു.പ്രഥമാധ്യാപകൻ വളരെ കഴിവുള്ളയാളായിരുന്നു.എല്ലാം കൊണ്ടും ഈശ്വരാനുഗ്രഹമുള്ളസ്കൂൾ.കുന്നം ധർമശാസ്താ ക്ഷേത്രത്തിനു അഭിമുഖമായിട്ടുള്ള ഒരു സരസ്വതിയക്ഷേത്രമായിരുന്നു.അവിടുത്തെ പ്രഥമാധ്യാപകൻ സംസ്ഥാന ദേശിയ അവാർഡ് ജേതാവായപ്പോൾ അതിൽ അഭിമാനിക്കാൻ ഞങ്ങൾക്കും കഴിഞ്ഞു.അഭിമാനത്തിന്റെ മാധുര്യം നുകരാൻ അദ്ദേഹത്തിലൂടെ ഞങ്ങൾക്കായി എന്നുള്ളതു അദ്യാപകജീവിതത്തിലെ മറക്കാനാകാത്ത ഒരു സംഭവം തന്നെയായിരുന്നു.

എന്നാൽ 2010 ജൂണിൽ മക്കളുടെ വിദ്യാഭ്യാസ സൗകര്യം പ്രമാണിച്ചു സ്ഥലം മാറ്റം വാങ്ങി മാവേലിക്കര ഗവണ്മെന്റ് ഗേൾസ് ഹൈ സ്കൂളിലെത്തി.അവിടെയും തികച്ചും വ്യത്യസ്തമായാ സാഹചര്യത്തിലൂടെ കടന്നു പോകേണ്ടി വന്നു.പെൺകുട്ടികൾ മാത്രമുള്ള സ്കൂൾ.ഒരു പാട് ശ്രദ്ധിക്കണമായിരുന്ന അച്ചടക്കം ഒരു പ്രശ്നമേഅല്ല.കാരണം ആൺകുട്ടികളെപ്പോലെ ബുദ്ധിമുട്ടിക്കാറില്ലായിരുന്നു പെൺകുട്ടികൾ.സ്കൂളിൽ ഒരു പ്രയാസമില്ലാതെ കടന്നുപോയി.എന്നാൽ ചിലരെങ്കിലും സ്കൂളിനെക്കുറച്ചു ചിലകാര്യങ്ങൾ സൂചിപ്പിച്ചിരിക്കുന്നു.എന്തോ എനിക്കതൊന്നും ഒരു പ്രശ്നമായിത്തോന്നിയില്ല.കാരണം ഇപ്പോഴും എനിക്കറിയില്ല -എന്താണ് ആ അധ്യാപകർ അങ്ങനെ പറയാനിടയായത്.കാലത്തിന്റെ മാറ്റം ഇതുപോലെയുള്ള ചില സാഹചര്യങ്ങളെയും മാറ്റിയിരിക്കാം.

ഒൻപതാം ക്ലാസ്സിന്റെ സിയസ്സ്ചാർജുള്ളപ്പോഴാണ് എന്നെ ഏറെ വിഷമിപ്പിച്ച ഒരു സംഭവം ഉണ്ടാകുന്നത്.എന്റെ ക്ലാസ്സിലെ എല്ലാ കുട്ടികളെയും ശരിക്കും ഞാൻ മനസ്സിലാക്കിവരുന്നതേയുള്ളു ഒരു ദിവസം സ്കൂളിൽ ഒരു കുട്ടിയെ വീട്ടിൽ വിടണം എന്ന് പറഞ്ഞു ഒരു ചെറുപ്പക്കാരൻ

എത്തി.ആരതി എന്ന് പേരുള്ള അവളെ അവന്റെ കൂടെ വിടാൻ മനസ്സുവന്നില്ല.അധ്യാപകരോടും എച്ചമ്മിനോടും അനുവാദം വാങ്ങി മറ്റ കുട്ടികളുടെ കൂടെ വീട്ടിൽ വിട്ടു.എന്നാൽ പിന്നീട് ആ കുട്ടിയുടെ അമ്മയെ കുറിച്ചും ആ വീടിന്റെ ദുരവസ്ഥവയെ കുറിച്ചും അറിഞ്ഞു എനിക്ക് വളരെ പ്രയാസം തോന്നി .സ്കൂളിൽ ഇതൊരു വലിയ വിഷയം ആവുകയും വീട്ടിൽ ഒരു അന്വേഷണം നടത്തുകയും വേണ്ട നടപടികൾ സ്വീകരിക്കുകയുചെയ്തു.കിടപ്പാടം പോലുമില്ലാത്ത രോഗിയുമായ അമ്മയെ ശുശ്രൂഷിക്കേണ്ടതോ ഈ കുട്ടിയുടെ ചുമതല.അച്ഛനും അച്ഛനും അങ്ങെളയും വേണ്ടത്ര ചുമതല ഇല്ലാത്തവർ .ഏതായാലും സ്കൂൾ പിടിഎ കുടിയേറിഞ്ഞു ആരതിയുടെ അമ്മയെ ഗവണ്മെന്റ് ഹോസ്പിറ്റലിൽ അഡ്മിറ്റാക്കി .അത് ആ കുട്ടിയുടെ പഠനദിവസങ്ങള ബാധിച്ചു .അതിനുള്ള പരിഹാരമായ വല്യമ്മയെ കണ്ടു . പിടിച്ചു ഹോസ്പിറ്റലിരുതതി. അങ്ങനെ ആരതി സ്കൂളിൽ വന്നു തുടങ്ങി . സദാ പുഞ്ചിരി തൂകി ഓടിനടക്കുന്ന ആരതിയിൽ പ്രയാസങ്ങളുടെ , വേദനയുടെ ശോണിമ തീരെയില്ലായിരുന്നു രോഗിയായ 'അമ്മ ഇടക്കിടെ എന്നെ ഫോണിലൂടെ വിളിച്ചു മകളുടെ പഠനകാര്യങ്ങൾ തിരക്കുമായിരുന്നു . കുട്ടിയെക്കുറിച്ചുള്ള ഭയവിഹ്വലതകൾ ആ അമ്മയുടെ വാക്കുകളിൽ പ്രതിഭലിപ്പിച്ചിരുന്നു . രണ്ടരമാസത്തെ ആശുപത്രി ജീവിതത്തിനു ശേഷം സുഖം പ്രാപിച്ചപ്പോൾ വീട്ടിലേക്ക് പോകാൻ അവർ മടികാണിച്ചു . വീടന്നുപറയാൻ പറ്റുന്നതരത്തിലൊന്നും ഉണ്ടായിരുന്നില്ല . അടുത്ത വീട്ടിലെ , അതൊരു പണിതീരാവേഡായിരുന്നു . അവിടെയാണ് അവർകുറച്ചുദിവസം ചിലവഴിച്ചത്. പത്രപരസ്യങ്ങളും സുമനസ്സുകളും കനിഞ്ഞതിന്റെ ഫലമായി അശ്വതിക്ക് ചെറിയൊരുവീടുണ്ടായി . അതിൽ താമസം മാറി . അന്ന് തീരെ സുഖമില്ലായിരുന്നു . അവളുടെ 'അമ്മ പിന്നീട് മരണപെട്ടു . അവൾ +2 പഠനംകഴിഞ്ഞ് ഒരു ചെറിയ ജോലിനേടി . എവിടെയായിരുന്നാലും അവൾ സുരക്ഷിതയും സന്തോഷവതിയും ആയിരിക്കട്ടെ എന്ന് പ്രാർത്ഥിക്കുമായിരുന്നു .

പിന്നീട് വന്ന കുട്ടികളും , ക്ലാസും , സ്കൂളും നല്ല അനിഭവങ്ങൾ തന്നെയാണ് നൽകിയത് . 2017 - ൽ എന്റെ ക്ലാസിൽ നിന്നും പോയകുട്ടികളുടെ s.s.l.c വിജയം എന്നും ഓർമ്മയിൽ തങ്ങിനിൽക്കും . അത്രക്കും മെച്ചപ്പെട്ട റിസൽട്ടാണ് അവർ നൽകിയത്. .

സൗഹൃതങ്ങളിൽ വിടവാങ്ങാതെ ശാന്തമായി ഒഴുകുന്ന പുഴപോലെ വിദ്യാലയസ്മരണകൾ അയവിറക്കുമ്പോൾ നേർത്ത നൊമ്പരങ്ങളും അടക്കിപ്പിടിച്ച തേങ്ങലുകളുടെ മാർച്ചുമാസം വരും . കാരണം അധ്യാപ ജീവിതത്തിന്റെ അവസാനനാളുകൾ . സർവീസ് പൂർത്തിയാക്കി പടിയിറക്കത്തിന്റെ സമയം . തിരിഞ്ഞുനോക്കുമ്പോൾ കഴിഞ്ഞ നീണ്ട ഇരുപതുവർഷങ്ങൾ ..................... ഇനിയും എന്തൊക്കയോ ബാക്കിനിൽക്കുന്നതുപോലെ ........... ഓർമ്മകളുടെ തിരുമുറ്റത്ത് ഒളിവാർന്നപന്തലകത്ത് മനസ്സിൽ വിരിഞ്ഞതും വിടർന്നതും പരത്തിയതും സ്നേഹത്തിന്റെയും സ്വാന്തനത്തിൻെറയും പരിഗണനയുടേയും സൗരഭ്യമായിരുന്നിരിക്കണം . അങ്ങനെ വിശ്വസിക്കാനാണെനിക്കിഷ്ടം ................

********************************

# കിഴക്കിന്റെ വെനീസിലൂടെ ഒരു യാത്ര

**Aadya P Geeth-7A**



കിഴക്ക് ചെന്നിറം പടർന്നു .രാവിലെ ആറുമണിയോടെ സ്കൂളിൽ എത്തിച്ചേർന്നു . ആറരയോടെ യാത്ര തുടങ്ങി . പോകുന്ന വഴിക്ക് കണ്ണിന് കുളിർമ്മനൽകുന്ന കുറേക്കാഴ്ച്ചകൾ കണ്ടു . അതിൽ പ്രധാനപ്പെട്ട ഒന്നാണ് പൊഴി . ആലപ്പുഴയിലേക്ക് പോകുമ്പോൾ ആയിരുന്നു അത് കണ്ടത് . കടലും കായലും ഒരുപ്പോലെ മനസ്സ് പങ്കിടുന്ന ; കുറച്ച് മണൽ കുന്നുകൂടിക്കിടക്കുന്നതിനിടെയിലൂടെ ഒരു ചെറിയ വഴിയിൽ കടലും കായലും ഒന്നിക്കുന്നു . അവിടെ വട്ടപൊട്ടുപോലെ സൂര്യൻ . ഇത്രയും നല്ല ഒരു കാഴ്ചയായിരുന്നു അത് . ശേഷം ഞങ്ങൾ ആലപ്പുഴ ബീച്ചിലെത്തി . വണ്ടിയിൽ ഇരിക്കുമ്പോൾ ഒക്കെ എല്ലാവരും പാട്ടുകൊണ്ടും നൃത്തം കൊണ്ടും ആഘോഷത്തിമർപ്പിലാണ് .

വണ്ടിയിൽ നിന്നിറങ്ങി കടൽ തീരത്തിന്റെ അടുത്തേക്ക് നടന്നു . പക്ഷെ പ്രതീഷിച്ചത്രേയും വേഗത്തിൽ എത്താൻ കഴിഞ്ഞില്ല . മണലിൽ നടന്നപ്പോൾ കൽ പാദങ്ങൾ മണലിൽ പൂണ്ടു പൂണ്ടു പോവുകയായിരുന്നു . അവിടെയും മനസ്സിനെ സന്തോഷം നൽകുന്ന കാഴ്ച്ചയായിരുന്നു ഉണ്ടായിരുന്നത് . തിരമാലകൾ എന്നെ മാടി മാടി വിളിക്കുന്നതായിട്ടാണ് എനിക്ക് തോന്നിയത് . കടലിനെ മുറിച് കടക്കുന്ന കരയിൽ നിന്നുള്ള കേട്ടുപാടുകൾ പറ്റിയ ആ പാലം എനിക്ക് ഏറെ ഇഷ്ട്ടപെട്ടു . പിന്നീട് പ്രഭാത ഭക്ഷണത്തിന് ശേഷം ഞങ്ങൾ കരുമാടിക്കുട്ടൻ പ്രീതിമയുടെ പ്രതിഷ്ഠയുള്ളിടത്തേക്ക് പോയി . വണ്ടയിൽ നിന്നിറങ്ങി കരുമാടിക്കുട്ടന്റെ അടുത്തേക്ക് ഞങ്ങൾ നടന്നു .ഒരു ബുദ്ധപ്രതിമ പക്ഷേ അതിന്റെ ചിലഭാഗങ്ങൾ നഷ്ടപ്പെട്ടിരിക്കുന്നു .യുദ്ധാടിസ്ഥാനത്തിൽ നഷ്ടപ്പെട്ടതാണെന്നു കരുതുന്നു

*. ഇത് സൂചിപ്പിക്കുന്നത് കേരളത്തിൽ ബുദ്ധമതം പ്രചാരം നേടിയിരുന്നുവെന്നും അത് സജീവമായിരുന്നുവെന്നും എനിക്ക് അറിയാൻ സാധിച്ചു . ഇത് കണ്ടപ്പോൾ എനിക്ക് ബുദ്ധജംഗ്ഷനിലെ ബുദ്ധപ്രതിമയെ ആണ് ഓർമവന്നത് . പുരാവസ്തു വകുപ്പ് ഇത് ചരിത്രസ്മാരകമായി പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും കാര്യമായ പരിഗണനകൾ നൽകിയിട്ടില്ല .*



*ശബരിമലയിൽ പോകുന്ന ചിലർ ഇവിടെ വന്ന് തേങ്ങ അടിക്കാറുണ്ട് . ഈ പ്രതിഷ്ഠയുടെ തൊട്ടടുത്ത് ഒരു കുളമുണ്ട് . ഈ പ്രതിഷ്ഠ ഒരു പ്രത്യേക രീതിയിലുള്ള ചുമരിനുള്ളിലാണ് വച്ചിരിക്കുന്നത് . കരുമാടിതോട്ടത്തിൽ വളരെ കാലമായി അറിയാതെ കിടന്നിരുന്ന ബുദ്ധപ്രതിമ സംരക്ഷിച്ചെടുത്തത് സർ റോബെർട്ടായിരുന്നു . പിന്നെ ഞങ്ങൾ തകഴി സ്മാരകത്തിലാണ് പോയത്.*

തകഴി സ്മാരകം ശെരിക്കും അദ്ദേഹത്തിന്റെ തറവാടാണ് .അവിടെ ചെന്നപ്പോൾ അദ്ദേഹത്തിന്റെ പുരസ്കാരങ്ങളും,അദ്ദേഹം ഉപയോഗിച്ചുകൊണ്ടിരുന്ന വസ്തുക്കളും,കിടക്കയും,ചാരുകസേരയും ഒക്കെ കണ്ടു.ലഭിച്ച പുരസ്കാരങ്ങളിൽ പ്രശസ്തയമായ



ജ്ഞാനപീഠവും,ഭാരതരത്നയും,മറ്റു പുരസ്കാരങ്ങളും കാണാൻ കഴിഞ്ഞു.ഈ വീടിന്റെ അടുത്ത് തന്നെയാണ് അദ്ദേഹത്തിന്റെ കല്ലറയും,തൊട്ടടുത്ത് ഒരു പ്രതിമ അത് തകഴിയുടേതായിരുന്നു. ശേഷം തകഴി പഞ്ചായത്ത് പ്രെസിഡന്റായ ശ്രീമതി.അംബിക ഷാജിയുമായുള്ള ചർച്ചയുണ്ടായി.പിന്നെ ഞങ്ങൾ നേരെ അമ്പലപ്പുഴ അമ്പലത്തിലേക്കാണ് പോയത്.



*ശ്രീകോവിലിനകത്തുകയറാതെ , കുഞ്ചന്നമ്പ്യാരുടെ മിഴാവും അമ്പലപ്പുഴ അമ്പലത്തിന്റെ കുളവും കണ്ടു . അമ്പലപ്പുഴ ക്ഷേത്രത്തിലെ പാൽപ്പായസം വളരെ പ്രശസ്തമാണ് . അവിടെ എത്തിയപ്പോൾ ഏതാണ്ട് പതിനൊന്നു മണിയായിക്കാണും. അമ്പലപ്പുഴ ക്ഷേത്രത്തിന്റെ മുൻഭാഗത്താണ് കുളം . ഞാൻ നോക്കുമ്പോളെല്ലാം നീർകാക്കകൾ അവിടെ നീരാടുന്നുണ്ടായിരുന്നു അമ്പലപ്പുഴയിലെ ആനയെയും കണ്ടു അമ്പലത്തിലേക്ക് കടക്കുന്ന കവാടത്തിനു മുന്നിലെത്തി ഒന്ന് തൊഴുത് ബസ്സിന്റെ അടുത്തേക്ക് മടങ്ങി.*




*കുമാരനാശാൻ സ്മാരകത്തിൽ എത്തി . അദ്ദേഹത്തിന്റെ സ്മാരകം വളരെ അധികം*

വ്യത്യസ്തമായിട്ടാണ് നിർമ്മിച്ചിട്ടുള്ളത് . പല്ലന കുമാരനാശാൻ സ്മാരക യു . പി സ്കൂളിന് പിന്നിലായിട്ടാണ് കുമാരനാശാൻ സ്മാരകം ഉള്ളത് . സ്മാരകത്തിന്റെ ചുമരിനു മുകളിൽ ഒരു പേപ്പർ ബോട്ടുപോലെ നിർമിച്ചിട്ടുണ്ട് . പല്ലന ആറ്റിൽ ഉണ്ടായ ബോട്ടപകടത്തിൽ ആണ് കുമാരനാശാൻ മരണമടഞ്ഞത് . ഒരു പക്ഷെ ഇതിനെ തുടർന്നായിരിക്കാം ബോട്ടിന്റെ ആകൃതിയിൽ നിർമ്മിച്ചത് . അപകടമുണ്ടായതിന്റെ തൊട്ടടുത്തുള്ള ആറ്റുവക്കിൽ തന്നെയാണ് കുമാരനാശാന്റെ സ്മാരകവും .

സ്മാരകത്തിനുള്ളിൽ

അദ്ദേഹഹത്തിന്റെ ചില കൃതികളുടെ ആശയം കല്ലിൽ കൊത്തിവച്ചിട്ടുണ്ട് . തൊട്ടടുത്തതായി അദ്ദേഹത്തിന്റെ പ്രതിമയും പണികഴിപ്പിച്ചിട്ടുണ്ട് . ആ സാഹചര്യത്തിൽ കുമാരനാശാന്റെ ആദ്യ ഖണ്ഡകാവ്യമായ ' വീണപോവ് ' ഞാൻ അവിടെ വെച്ചാലപിച്ചു . ശേഷം ഉച്ചഭക്ഷണം അവിടുത്തെ സ്കൂളിൽ വെച്ച് കഴിച്ചു . ഗുരുമന്ദിരത്തിന്റെ അടുത്താണ് പല്ലന സ്കൂളും , കുമാരനാശാൻ സ്മാരകവും . പിന്നീട് ഞങ്ങൾ കൃഷ്ണപുരം സ്മാരകവും . പിന്നീട് ഞങ്ങൾ കൃഷ്ണപ്പകൃഷ്ണപുരം കൊട്ടാരത്തിലാണ് പോയത്.

കൃഷ്ണപുരം കൊട്ടാരത്തിൽ ഞാൻ നേരത്തെ പോയിട്ടുള്ളതാണ് , പക്ഷെ അവിടെ എത്തുമ്പോൾ ഒരു



പ്രേത്യേക തരം അനുഭവമാണ് ഉണ്ടാകുന്നത് . ആദ്യമായിതന്നെ കൃഷ്ണപുരം കൊട്ടാരത്തിന്റെ പുറന്തോട്ടവും , ആഞ്ഞാലും ആണ് കണ്ടത് . പിന്നീട് കൊട്ടാരത്തിലെക്ക് കയറുമ്പോൾ പുരാവസ്തു വകുപ്പ് കണ്ടെടുത്ത പുരാതന വസ്തുക്കളും , ലക്ഷ്മി വിളക്കും , പ്രാചീന അളവ് പാടഗിൾ എന്നിവ കണ്ടു . ശേഷം വേലുത്തമ്പി ദളവയുടെ വാളും . പിന്നീട് കൊട്ടാരത്തിന്റെ വലിയൊരു പ്രത്ത്യേകതയായ നാലുകെട്ടും , ജുചെന്ദ്ര മോശവും ദർശിച്ചു , ഒറ്റക്കല്ലിൽ കൊത്തിയ ശിപ്പങ്ങളും , മുനിയാറകളും , കുടക്കല്ലും , രാജാക്കൻമാർ പണ്ടേ യാത്രചെയ്യാൻ ഉപയോഗിച്ച പാലക്ക് മുതലായവയും കണ്ടു . മുകളിലേക്ക് കയറാൻ ഉപയോഗിക്കുന്ന കോണിപ്പടി ഞാൻ കണ്ടതിൽ വെച്ച് വെത്യസ്ഥമായ ഒന്നാണ് .

മുകളിലേക്കെ കയറിയപ്പോൾ കായംകുളം വാളും , പറിച്ചെയും , പണ്ട് യുദ്ധത്തിന്പേയോഗിച്ചുകൊണ്ടിരുന്നവാളും മാറ്റ് സാമഗ്രികളും കണ്ടു . ആദ്യംചർച്ചാമുറിക്കളിലേക്ക് കയറി അവിടുത്തെ ഒരു വാതിൽ കുടിനോക്കിയപ്പോൾ നാലുകെട്ടു കണ്ടു . ഇങ്ങെനെയാണ്

രാജാവ് താഴെ നടന്നതൊക്കയും കാണുക പിന്നീട് നാണയ ഗ്യാലറിലേക്കു കയറി . വീട്ടം നാണയ ഗ്യാലറിയിൽ അളവ് പാത്രങ്ങളും , തുകപകരണകളും , രൂപഭേദം വന്ന നാണയങ്ങളും, വിദേശനാണയങ്ങളും, മറ്റ നാണയങ്ങളും ഉണ്ട് . തിരിച്ച പോകാൻ ഇറങ്ങിയപ്പോൾ ഞാൻ കുല്ലത്തിനടുത്തേക്കു പോയി . കൃഷ്ണപുരം കൊട്ടാരത്തിലെ ഏറ്റവും വലിയ ഒരു പ്രേത്യേകതയാണ് ഈ കുളം . ഈ കുളത്തിന് ഇത്രയും പ്രത്യേകത ഉണ്ടാകാൻ കാരണം ശത്രുക്കളിൽ ഇന്ന് രാജാവിന് രക്ഷപെടാനുള്ള ഭൂഗർഭമാർഗം ഉണ്ടത്രേ . കുളത്തിനു തൊട്ടടുത്ത് ചുമടുതാങ്ങിയുമുണ്ട് . തിരികെ മടങ്ങാൻ നേരത്തു കാരിമാടികുട്ടന്റെ പ്രതിഷ്ട പോലെയൊന്ന് ഞാൻ അവിടെ കണ്ടു . പെട്ടന്ന് എനിക്കൊരു കാര്യം ഓര്മ വന്നു . കാരിമാടികുട്ടന്റെ പ്രതിഷ്ഠ കൃഷ്ണപുരം കൊട്ടാരത്തിൽ വരുന്നുണ്ടന്ന് ഒരു പക്ഷെ അതാവാം . തിരിച്ച ഞങ്ങൾ ബസിൽ കയറി നേരെ സ്കൂളിലേക്ക് പോയി . ബസിൽ ഭയങ്കര പാട്ടും നൃത്തവുമായിരുന്നു . സ്കൂളിൽ എത്തിക്കഴിഞ്ഞപ്പോൾ അധ്യാപകരോടൊത്തു ഞാൻ ഈ യാത്രയിൽ ഉണ്ടായ എന്റെ അനുഭവം പങ്കുവെച്ചു .

ഈ യാത്ര യു. പി ക്ലാസ്സുകളിൽ നിന്ന് യാര പോയതിൽ വെച് എനിക്ക് പ്രിയപ്പെട്ട ഒന്നാണ് . കാരണം ഇത് ഞങ്ങളുടെ യു. പി ക്ലാസ്സിലെ അവസാന സ്റ്റഡി ടൂറാണ് . പോയ എല്ലാ സ്ഥലങ്ങളും എനിക്ക് ഇഷ്ടപ്പെട്ടു . യാത്രയ്ക്ക് വന്ന എല്ലാ അധ്യാപകരും ഞങ്ങളെ കരുതലോടെയാണ് നോക്കിയത് . എല്ലാ അധ്യാപകരോടും എനിക്ക് വളരെ അധികം നന്ദിയുണ്ട് . കൂടാതെ എന്റെ എല്ലാകൂട്ടുകാരോടും ഇങ്ങനെ ഒരു യാത്ര ഒരുക്കിത്തന്നതിനു എനിക്ക് ഏറെ നന്ദിയുണ്ട് . ടൂറിന്റെ കൺവീനർ ആശാദേവി ടീച്ചർ എനിക്ക് ഏറെ പ്രീയപ്പെട്ട ആശരാഘവൻ ടീച്ചർ എനിക്ക് മറ്റ് അധ്യാപകർ ഇവർക്കെല്ലാം എന്റെ ഒരായിരം നന്ദി . കൂടാതെ ഒരുകുഴപ്പങ്ങളും ഒരാപത്തും വരാതെ ഞങ്ങളെ കാത്ത ജഗദീശ്വരന് നന്ദി .



## FIRST DAY AT SCHOOL

*Will you wait for me here?*
*Granpa?*
*Form the classroom you classroom you can*
*get a little*
*why are you going away?*
*You promised to stay!*
*"waa waa waa"I go*
*that stops the singing of the*
*other three year old*
*in her gentle arms the teacher holds*
*this panicking little devil*
*here soft sweet voice*
*her comforting words*
*made this day less painful*
*sets the future teacher a good example*

**DEVIKA-9C**



# VALUE OF FRIENDSHIP

I still remember the day

when I missed my best friend

She taught me the value of friendship

Now I understood the grief of seperation

Which is inescapable

She gave the happiness I wished for,

she let me to the right way

How far we are

Our heart reamains closer

As the line has no end

Likewise the friendship is continues

Longest love is mother's love

Sweetest love is brother's love

Endless love is father's love

And strongest, endless love is friend's love

A friend can lead you to a good way

As well as to a bad way

So think twice before choosing

"Your best friend"

**Devika 9C**



# അമ്മ

തുളസിക്കാതിരിൽ നൈർമല്യം പോൽ

ഒളിമിന്നും നിന്മുഖം കണികണ്ടാൽ

പൊൻ പ്രഭാതം കണികണ്ടാൽ

നിൻമടിത്തട്ടിൽ തലചായിക്കുമ്പോൾ

നിൻ ഗീതോപദേശങ്ങൾ

വിശുദ്ധ വേദ വാക്യങ്ങൾ

നിൻ തിരുമുമ്പിൽ വന്നു നിന്നാൽ

ഞാൻ അമ്പാടി പൈക്കിടാവിനേപ്പോൽ

നന്മയാണമ്മ സ്നേഹമാണമ്മ

അമ്മയാണമ്മ കൺകണ്ട ദൈവം

സജിലിനി എ കെ



## My School Memories

Memories are something that happens
continuously in all day life......
But the most valuable memories is
in the school life.....
It's a feelings that come through the
heart of our's ....
When we see the stars and the school
The emotions that create happiness in
our life is the most auspicious
days of school life.....
The emotions and delinquent memories
that follow through the heart is like
a blue sea that are filled with
Love,impation and joy.......
Memories are unbelievable
that originates from the powerful feelings
that emerged in our life especially
school memories......
The Most prospecious
moments that we shared with our
friends are can be called memories ....
It's an imaginary world which
the memories are created...that's
our life our valuable life starts
from there....

Rajeena Reji **10 B**



# ഓർമ്മകൾ മേയുന്ന ഈ നറുമുറ്റത്ത്

മനസിന്റെ ചില്ലകളിൽ ഒരു കൈ ഓർമകളുമായ്
മറഞ്ഞു പോയ ആ സൗഹൃദവിദ്യാലയം .....
അക്ഷരസ്പുടതക്കയായി ചെന്നുകയറുന്ന
അക്ഷയഖനിയാണെൻ വിദ്യാലയം....
ആ വിദ്യാലയമുറ്റത്ത് ഒന്ന് ഓടിക്കളിക്കുവാൻ
ഓർമ്മകൾ സൂക്ഷിക്കുവാൻ വിതുമ്പുകയാണ്
എൻ ഉള്ളം ...
ഓർമ്മകൾ നിറഞ്ഞ ബാല്യകാലം പകർന്ന്
തരുന്ന ഈ വിദ്യാലയത്തെ എന്തിനോട്
സമമാകും?
ഓർമ്മകൾ ഉരുവിടുന്ന ഈ നാരു
മുറ്റത്ത്.... ഒരു കൈ ഓർമകളുമായി നീ വന്നു
സരസ്വതി ദേവിയുടെ പാദസ്പർശനമേറ്റ്
ജ്ഞാനം പകരുന്ന അറിവിന്റെ വാതാ
യനം എൻ വിദ്യാലയം .....
നിന്നെ ഒരു നോക്ക് കാണുമ്പോൾ
എന്റെ ആ പഴയ ഓർമകൾ പൂവണിയുന്നു....
പിൻ ബെഞ്ചിൽ ഇരുന്ന് കുസൃതികളും ....
എൻ പാഠശാല.....
മറക്കില്ല..... നിന്നെ ഞാൻ എൻ വിദ്യാലയമേ.....
ഓർമകൾ നിറഞ്ഞ ഈ മനസിൽ......
മറക്കില്ല..... ഞാൻ എന്റെ ജീവിതത്തിലെ
ഈ സുവർണ്ണ നിമിഷങ്ങൾ.....
മറക്കാതെ ഓർത്തുകൊള്ളാം
നിന്നെ എക്കാലവും ...

റെജീന റെജി
10 ബി

# നമുക്ക് ഒരു അങ്കിൾ ഉണ്ടായിരുന്നു

*Asha Bharathan*

2009 ഇൽ ഞാൻ ആദ്യമായി ഈ സ്കൂളിൽ വന്ന ദിവസം ആദ്യം പരിചയപ്പെട്ട ആളാണ് ജേക്കബ് അങ്കിൾ....ഓഫീസ് സ്റ്റാഫ് ആയിരുന്നു .Jacob അങ്കിൾ. കറുത്ത് കുറുകിയ ശരീരപ്രകൃതിയും കട്ട മീശയും കൊണ്ട് അങ്കിൾ എല്ലാവരെയും പേടിപ്പിച്ചു .. കുട്ടികൾക്കും പരിചയമില്ലാത്ത മറ്റ് ആൾക്കാർക്കും പേടിയായിരുന്നു അങ്കിളിനെ...കട്ടും മഞ്ഞ നിറത്തിലുള്ള ഹെൽമെറ്റ് വയ്ക്കുമ്പോ ശിക്കാരി ശംഭുവിനെ ഓർമിപ്പിച്ചു അദ്ദേഹം .........രാവിലെ വന്നു സ്കൂൾ തുറക്കുന്നത് മുതൽ സ്കൂളിന്റെ ജീവനായി അങ്കിൾ ഉണ്ടായിരുന്നു.....ഒരു പാവത്താൻ.....തന്റെ രണ്ടു പെണ്മക്കളെ പറ്റി ഒരുപാടു സ്വപ്നങ്ങൾ കണ്ടു, ആ സ്വപ്നങ്ങൾ സാക്ഷാൽക്കരിക്കാൻ സ്കൂൾ സമയം കഴിഞ്ഞു പശുക്കളെ വളർത്തിയും കൃഷിപ്പണിചെയ്തും ഒക്കെ അധ്വാനിച്ച ഒരാൾ.....പെട്ടെന്നു ഒരുദിവസം ആരോടും മിണ്ടാതെ അങ്ങ് പോയി.ഒരു അസുഖവും ഇല്ലായിരുന്നു (സാധാരണ വരുന്ന BP യും ഒക്കെയല്ലാതെ .)...രാവിലെ സ്കൂളിലേക്ക് വരാൻ തയ്യാറാകുന്നതിനിടെയായിരുന്നു...... സ്കൂൾ നിശ്ചലമായിപ്പോയി അന്ന്.....പിന്നെ വഴിയിലെപ്പോഴെങ്കിലും കാണുന്ന ഓറഞ്ച് ഹെൽമെറ്റുകൾ അങ്കിളിനെ ഓർമിപ്പിച്ചു , ഫോൺ contacts ഇൽ ആ നമ്പർ ഡിലീറ്റ് ചെയ്യാതെ ഒരുപാടു കാലം സൂക്ഷിച്ചു.പോകെ പോകെ എല്ലാവരും അദ്ദേഹത്തെ മറന്നു. എപ്പോൾ വേണമെകിലും വീണുടഞ്ഞു പോകാവുന്നതേ ഉള്ളൂ സ്വപ്നങ്ങൾ പേടിപ്പിക്കുമ്പോഴും അങ്കിളിന്റെ നിഴൽ മാത്രമായി ജീവിച്ച ഭാര്യയും പറക്കമുറ്റാഞ്ഞ പെൺകുട്ടികളും മെല്ലെ മെല്ലെ മെല്ലെ പിച്ചവച്ചു ജീവിതത്തിലേക്ക് വന്നത് സ്വപ്നങ്ങൾ മരണത്തിനപ്പുറത്തേക്കും ജീവനുണ്ടെന്നു ഓര്മപ്പെടുത്തുകയും ചെയ്യുന്നു.

*********************



# വിദ്യയുടെ പൂന്തോട്ടം

വിദ്യയുടെ പൂന്തോട്ടമാണെന്റെ വിദ്യാലയം
അറിവാണ് , അറിവിന്റെ നിറകുടം,
വിദ്യ അഭ്യസിക്കുന്ന പുണ്യസ്ഥാനമാണ് എന്റെ വിദ്യാലയം

അക്ഷരങ്ങളുടെ മുത്തുകൾ ഉണ്ട് ഈ വിദ്യാലയത്തിൽ
ചിരിതൂകുന്ന ഈ മുത്തുകൾ
കരിമുകിലും എത്തി വിദ്യാലയത്തിലേക്ക്
വിദ്യയുടെ ആരാമമാണ് എന്റെ വിദ്യാലയം

ആരാണ് ഈ പുണ്യസ്ഥലത്തിന്റെ സൃഷ്ടാവ് ?
ദീപ്തി നിറഞ്ഞതാണെന്റെ വിദ്യാലയം
ചെമ്പക മരത്തിന്റെ ചുവട്ടിലാണ് എന്റെ വിദ്യാലയം
അറിവ് മാത്രമല്ല .....നമ്മുടെ വിദ്യാലയത്തിൽ .

കൊതിക്കുകയാണ് ഈ വിദ്യാലയത്തിൽ വിദ്യ ,
അഭ്യസിക്കുവാൻ
വിദ്യാലയത്തിന്റെ കൂട്ടുകാരിയാണ് പുസ്തകങ്ങൾ
വിദ്യയുടെ വട വൃക്ഷമാണ് എന്റെ വിദ്യാലയം .

-അനശ്വര ആർ
7A



# ഭൂമിപ്പെണ്ണ്

**Asha Raghavan**

ഒന്നാം ക്ലാസ്സിൽ ചേരാൻ പോയപ്പോഴാണ് അവൾക്ക് തന്റെ പേരിനെക്കുറിച്ച് കുറേശ്ശെ അഭിമാനമൊക്കെ തോന്നിത്തുടങ്ങിയത്.

നഴ്സറി ക്ലാസ്സിലെ കലപിലകൾക്കിടയിൽ ....

" പൂമീ ......"

" പൂമീ...... "

"ഛെ! എന്തൊരു കഷ്ടമാണിത്.

എന്തിനാ അച്ഛാ എനിക്കീ പേരിട്ടത്?

എന്റെ കൂട്ടുകാർക്കൊക്കെ എത്ര നല്ല പേരുകളാ".

അപ്പൂപ്പൻ ഇട്ട പേരല്ലേ മോളൂ.

നല്ല പേര് തന്നെയാ മോളൂടേത് ".

"ഹും!

എനിക്കിഷ്ടല്ല ആ പേര്.

എന്തിനാ എല്ലാരും എന്നെ പൂമീ....പൂമീ ന്ന് വിളിക്കുന്നെ "?

എനിക്കിഷ്ടല്ല ആ പേര്..... അവൾ
പിറുപിറുത്തു

"മോളൂടെ പേര് പറഞ്ഞില്ലല്ലോ?"സ്കൂളിലെ ഹെഡ്മിസ്ട്രസാണ്.

അപേക്ഷ പൂരിപ്പിച്ചു കൊണ്ട് അച്ഛൻ പറഞ്ഞു.

" പേര് പറ മോളേ "."ഭൂമി"

" ആഹാ! എത്ര മനോഹരമായ പേരാണത്. എന്നിട്ടാണോ പറയാൻ മടിച്ചു നിന്നത്?"ടീച്ചറിന്റെ ചിരിയിൽ സ്നേഹത്തിന്റെ പാൽ നര പതഞ്ഞു പൊങ്ങുന്നത് അവളറിഞ്ഞു.പ്രവേശനോത്സവം അവൾക്കിഷ്ടപ്പെട്ടു.

അലങ്കരിച്ച, നല്ല വൃത്തിയും വെടിപ്പുമുള്ള സ്കൂൾ
മണൽ വിരിച്ച മുറ്റംചെടിച്ചട്ടികളിൽ കുഞ്ഞുകുഞ്ഞു പൂക്കൾ

വാകമരക്കൊമ്പുകളിൽ രണ്ട് ഊഞ്ഞാലുകൾ..

സ്കൂളിൽ നിന്നു മടങ്ങുമ്പോൾ അവൾ അച്ഛനോടു പറഞ്ഞു:

"സ്കൂളിൽ പോകാൻ എനിക്ക് കൊതിയാവുന്നുണ്ട് കേട്ടോ."

അച്ഛൻ അന്ന് അവധിയെടുത്താണ് അവളോടൊപ്പം പോയത്. അമ്മക്ക് കുറച്ചു ദൂരെയാണ് ജോലി. ഭൂമി എഴുന്നേറ്റു വരുമ്പൊഴേക്കും അമ്മ റെയിൽവേ സ്റ്റേഷനിലേക്ക് പാഞ്ഞിട്ടുണ്ടാവും.

രാത്രിയിൽ അമ്മയെ കെട്ടിപ്പിടിച്ചു കിടക്കുമ്പോൾ അവൾ ചോദിച്ചു.

" അമ്മക്ക് ബഷീറിനെ അറിയാമോ?"

"ഉം "

"നല്ല രസമുണ്ടമ്മേ ബഷീറിന്റെ കഥകൾ.

"ഉം... "" ആ പാത്തുമ്മേടെ ആടില്ലേ ... അത് ബഷീറിന്റെ പുതപ്പും പുസ്തകങ്ങളുമൊക്കെ തിന്നു."" ആഹാ! എന്നിട്ട് ?"

"ബഷീറിന്റെ വീട്ടിലെ തെങ്ങിൽ നിന്ന് കരിക്കെല്ലാം വവ്വാല് കൊണ്ടോയി.

അമ്മേ, ഒരു രസമുണ്ട്. ആ കഥേടെപേരറിയാവോ?

"നീ പറ"

"ഭൂമിയുടെ അവകാശികൾ! ഇന്നേ സ്കൂളില് പരിസ്ഥിതി ദിനമുണ്ടാരുന്നേ. അപ്പോശ്രീകല ടീച്ചറ്

മൈക്കിലൂടെപറഞ്ഞു തന്നതാ."
"അമ്മേ, ചന്ദ്രിക ടീച്ചറൊണ്ടല്ലോ ....'''' ഇനി നാളെ പറയാം മോളേ.
നേരം ഒരുപാടായി.മോൾക്ക് സ്കൂളിൽ പോണം. അമ്മക്ക് ഓഫീസിൽ പോണം."
ഭൂമി കണ്ണടച്ച്, പുതപ്പ് തലവഴിമൂടി കിടന്നു.
സ്മിത ഓർക്കുകയായിരുന്നു. എപ്പോഴാണ് ഈ കഥകളൊക്കെ വായിച്ചത്?
അല്ല, വായിച്ചതല്ല. പത്താം ക്ലാസ്സിൽ പഠിച്ചതാണ്.ഭൂമി ഒന്നാം ക്ലാസ്സിലെത്തിയിട്ടേ ഉള്ളൂ. അപ്പൊഴേക്കും അവൾ ഇതൊക്കെ കേട്ടു തുടങ്ങിയിരിക്കുന്നു.താൻ പണ്ടു പഠിച്ചതൊക്കെ ഓർത്തെടുക്കാൻ അവളൊന്നു ശ്രമിച്ചു.ഹ !!! കിട്ടിപ്പോയി.

"മാമരം കോച്ചും തണുപ്പത്ത്
താഴ്‌വര പൂത്തൊരു കുന്നത്ത്
മൂടിപ്പുതച്ചു കിടക്കും കാറ്റേ
മൂളിക്കുതിച്ചു പറന്നാട്ടേ".

അമ്മയില്ലാത്ത വീട് ഭൂമിക്ക് വല്യ മുഷിച്ചിലാണ്. ജോലി സംബന്ധമായി ദൂരെ പോകുമ്പോൾ ഏങ്ങലടക്കിയാണ് അവൾ കൈ വീശുന്നത്.അച്ഛനാണെങ്കിൽ എപ്പൊഴും ഫോണിലാ .ഫേസ്ബുക്കില് പോസ്റ്റിടുവാരിക്കും ഒറ്റക്കിരിക്കുമ്പോഴാണല്ലോ ഈ പ്രേതങ്ങളൊക്കെ എറങ്ങി വരണെ.
കതകിന്റെ മൂലയ്ക്ക് അനബെല്ല....കട്ടിലിന്റെ കീഴിൽ ചക്കി.....
"അച്ഛാ ! ഇങ്ങോട്ടൊന്നു നോക്ക് .. "അപ്പൂപ്പനുണ്ടായിരുന്നെങ്കിൽ ...
" ആ കുഞ്ഞാറ്റക്കുരുന്നുകളോട് നീ കുറുമ്പുകാട്ടല്ലേ, ഭൂമിക്കുഞ്ഞേ ...."
അപ്പൂപ്പൻ അവളുടെ പിന്നാലെയുണ്ട്.

" എന്തിനാണ് പഴങ്ങൾ തിന്നാൻ വരുന്ന കിളികളെ, അണ്ണാനെ ഒക്കെ പേടിപ്പെടുത്തുന്നത്? കുറച്ച് അതുങ്ങളും തിന്നോട്ടേ ... കേട്ടോ... മുഴുവനും നിനക്കുള്ളതല്ല.നിറയെ മരങ്ങളുണ്ടവിടെ.പലതരം മാവുകൾ,നെല്ലി,പനിനീർ ചാമ്പ,പപ്പായ മരം,ആത്ത,ചെറി,റമ്പൂട്ടാൻഇതിനിടയിൽ ഭൂമിക്ക് സ്കൂളിന്നു കിട്ടിയ മാതളത്തൈയും.

അപ്പൂപ്പൻ പോയപ്പോ ഒരു രസോമില്ലാണ്ടായി.
"അച്ഛാ, ഒരു കഥ പറഞ്ഞു തരാമെങ്കിൽ ഞാൻ പെട്ടെന്നുറങ്ങിക്കോളാം.''''എന്തു കഥയാ മോളേ "?" അച്ഛന്റെ കൊച്ചിലത്തെ കഥ".
പിറ്റേന്ന്,
പുൽനാമ്പുകളിലൂടെ പുലരി വരുന്നത് അവൾ ജനാലയിലൂടെ നോക്കി നിന്നു.
ഇന്ന് ഞായറാഴ്ചയാണ്.
അച്ഛന് ഓഫീസില്ല.
ട്രെയിനിംഗ് കഴിഞ്ഞ് അമ്മ വരും.
കൊച്ചു ടീവീല് 'ലൈഫ് ഓഫ് പൈ' സിനിമ നടക്കുന്നു.ഭൂമി മുറ്റത്തേക്കിറങ്ങി.
മാവിൻ ചോട്ടിൽ കിളികൾ പാതി ഉപേക്ഷിച്ച മാമ്പഴങ്ങൾ. മാങ്ങയണ്ടികൾ കഴുകിയെടുത്ത് കവറിലിട്ടു വെച്ചു. നാളെ സ്കൂളിൽ കൊണ്ടു പോകണം.
അവിടെ നടാം.അന്നു രാത്രി ചക്കിയും അനബെല്ലയു മൊന്നും പേടിപ്പിക്കാൻ വന്നില്ല.അച്ഛന്റെയും അമ്മയുടെയും ഇടയ്ക്കായിരുന്നു അവൾ.
പിറ്റേന്നു കാലത്ത് മഴ ജനാലയ്ക്കൽ വന്നു മെല്ലെ വിളിച്ചു.

" പൂമീ.... പൂമീ..

വേഗം എഴുന്നേൽക്കു.
സ്കൂളിൽ പോണ്ടേ.

മാങ്ങയണ്ടികൾ കഴിച്ചിട്ടു കൊണ്ട് സുജ ടീച്ചർ പറഞ്ഞു.
"ഭൂമി വളർന്നു വളർന്ന് ഭൂമിയമ്മയായി,
ഭൂമിയമ്മൂമ്മയാവുമ്പോൾ കൊച്ചു മക്കൾക്ക് മാഞ്ചോട്ടിൽ കളിക്കാലോ...
ഊഞ്ഞാലാടാലോ ...."

"ലാ... ലാ .... ലാ ...."

കൂട്ടുകാർ ഭൂമിക്കു ചുറ്റും നൃത്തം ചെയ്തു. സ്കൂള് വിട്ട് വീട്ടിലെത്തിയ പെണ്ണിന്റെ തല തോർത്തിക്കൊണ്ട് അച്ഛൻ ചോദിച്ചു.

" നീയിന്ന് മഴയുടെ പള്ളിക്കൂടത്തിലേക്കാണോ പോയത്?"

"അച്ഛാ, ഒരു കാര്യം പറയട്ടേ."

" ഉം"

"എനിക്ക് എന്റെ പേര് വല്യ ഇഷ്ടാ, കേട്ടോ."

*********************

## അധ്യാപനത്തിന്റെ നാളുകൾ

ഗിരിജാകുമാരി H S A

അനന്തപുരിയുടെ അനന്തവിഹായസിലേക്ക് 1993 ജൂലൈ 7-ാം തീയതി ചേക്കേറി. എന്റെ അദ്ധ്യാപക ജീവിതം അവിടെ ആരംഭിക്കുന്നു. തിരുവനന്തപുരം പെരുന്താന്നി എൻ .എസ് .എസ് പബ്ലിക് സ്ക്കൂൾ . രണ്ടു വർഷത്തേയ് ട്യൂട്ടോറിയല് ജീവിതം നൽകിയ ആത്മവിശ്വാസം ,വളരെവേഗം ആ സ്കൂളിലെ കുട്ടികളുമായി എന്നെ അടിപ്പിച്ചു ; ആതോടൊപ്പം 'അനന്തപത്മനാഭനുമായും' . സമര്ഥരായ വിദ്യാർത്ഥികളുമായുള്ള സമ്പർക്കം വിജ്ഞാനവികാസത്തിൻറെ പാത്രീഭൂതയാക്കി . അവിടെ നിന്നുംകുറിച്ച യാത്ര , 1999 ആഗസ്റ് 10 -ാം തീയതി ആയാപറമ്പ് ഗവ. ഹയർ സെക്കന്ററി സ്ക്കൂളിൽ എത്തി . അവിടെ മാറ്റൊരുലോകം കാണാൻ സാധിച്ചു . സാധാരണകാരിൽ സാധാരണക്കാരായ വിദ്യാർഥീവിദ്യാർത്ഥിനികളുടെ ഇണക്കങ്ങളും പിണക്കങ്ങളും സംഘാടനങ്ങളും എല്ലാം ദൃശ്യ പ്രതീതി സമ്മാനിച്ചു . മഴകലത്ത് പാത്രങ്ങളിൽ വസ്തങ്ങൾ നിക്ഷേപിച് അതുമായി തോട് നീന്തികടന്നുവരുന്ന നിർദ്ധന വിദ്യാർത്ഥികളുടെ കഥന കഥകൾ ഹൃദയഭേദകമായി . 2001 - ജൂലൈ 10 -ാം തീയതി തട്ടകം , പത്തിയൂർ പഞ്ചയാത്തു ഹൈ സ്കൂളിലേക്ക് മാറി . നീണ്ട 15 - വർഷം . അദ്ധ്യാപക വൃത്തിയുടേ മഹത്വം ബോധ്യപെടുത്തിയ വിദ്യാലയം . സ്നേഹസമ്പന്നരായ വിത്യാർഥികളും അദ്ധ്യാപകരും ; ചിട്ടയായ പഠനം , അർപ്പണബോധമുള്ള അദ്ധ്യാപകർ , നിഷ്കളങ്കരായ വിദ്യാർഥികൾ , സാമ്പത്തികമായും സാമൂഹികമായും പിന്നാക്കമാന്നെങ്കിലും സ്നേഹം സമ്പത്തായി കരുതുന്നവർ . സ്കൂളിന്റെ ഉന്നമനം മാത്രം ലാക്കാക്കിപ്രവർത്തിക്കുന്ന പ്രഥമാധ്യാപകർ . ഏതു ഛിദ്രശക്തികളെയും ഭിന്നിപ്പിക്കാൻ കെൽപ്പുള്ള സ്വതന്ത്രചിന്താഗതിക്കാരായ അദ്ധ്യാപകർ ;ഇവരുടെയെല്ലാം സമന്വയം പഞ്ചയാത്തു ഹൈസ്കൂളിന്റെ കീർത്തി വ്യാപിച്ചു . അച്ചടക്കമായിരുന്നു സ്കൂളിന്റ മുഖമുദ്ര . വിദ്യാർപ്പണം പാത്രമാറിഞ്ഞു തന്നെ നടത്തി .

അച്ചടക്കവും അദ്ധ്യാപകരുടെ ആത്മാർപ്പണവും കാടത്തത്തെയെയും മനുഷ്യനാക്കി . നീരവാന്തരീക്ഷത്തിലെ പഠനം കാണുമ്പോഴാണ് അധ്യാപന വൃത്തിയുടെ മഹത്വം ബോധ്യപ്പെടുന്നത് ഈ അവസരം നൽകിയ ഈശ്വരന്റെ മഹത്വത്തെ നാം അറിയാത്ത നമുക്കും സ്വന്തം മക്കളെ നമ്മുടെ കൈയിൽ വിശ്വാസിച്ച ഏൽപ്പിക്കുന്ന രക്ഷകർത്താക്കളുടെ ബഹുമാനം കലർന്ന സ്നേഹം അരുടെയും കണ്ണു നനയ്ക്കും. കാലമെത്ര കഴിഞ്ഞാലും ആ സ്കൂളും അവിടുത്തെ വിദ്യാർത്ഥികളും അധ്യാപകരും മറയാത്ത ചിത്രങ്ങളായി നിൽക്കും. എന്റെ കൈകളിലൂടെ കടന്നുപോയ ഓരോ വിദ്യാർത്ഥിയുടെയും മുഖം ഇന്നും ഹൃദയത്തിൽ സൂക്ഷിക്കാൻ പാകമായ പെരുമാറ്റം. സ്കൂൾ അന്തരീക്ഷം മാറിയപ്പോൾ സ്വാഭാവികമായും ഒരു മാറ്റം ആഗ്രഹിച്ച അങ്ങനെ 2016 ഓഗസ്റ്റ് മാസത്തിൽ മാവേലിക്കര ഗവ: ഗേൾസിലേക്ക് ചേക്കേറി. ആൺ പള്ളിക്കൂടങ്ങളും പെൺ പള്ളിക്കൂടങ്ങളും തമ്മിൽ പ്രത്യക്ഷത്തിൽ കാണുന്നതുപോലുള്ള അന്തരം ഉള്ളടക്കത്തിലും ദർശിക്കാം ആൺ കുട്ടികളെക്കാൾ പഠനത്തിലും പഠ്യേതര പ്രവർത്തനങ്ങളിലും മികവ് പുലർത്തുന്ന പെൺകുട്ടികളെ ഇവിടെ കാണാൻ കഴിഞ്ഞു. സ്വച്ഛമായ അന്തരീക്ഷത്തിൽ ശാന്തമായി ഒഴുകുന്ന പുഴപോലെ അധ്യാപക ജീവിതം ഒഴുകുന്നു നിമ്നോന്നതങ്ങളിലൂടെ തട്ടും തടവും ഇല്ലാതെ ശാന്തമായി ഒഴുകാൻ ജഗദീശ്വരൻ അനുഗ്രഹിക്കട്ടെ എന്ന് ആഗ്രഹിച്ചുകൊണ്ട് നിർത്തുന്നു.

*******************************************************************

## My Heaven

***My school is a beautiful heaven . My friends are my soldiers . They solve my all problems . My teachers are the beautiful angels in our school . They teach us to be love , obedient , truthful , honesty,kindly and helpful .***

***My school is the place of enjoyment and happiness . I have many helpful friends in my school . They motivate me to do every thing . I Thank god for giving A WONDERFUL LIFE FOR ME .......***

***ANGELA ROSE GEORGE***

***9C***

# സ്കൂളിലെ പാഠ്യേതരപ്രവർത്തനങ്ങൾ

സ്കൂൾ കോളേജ് കലാലത്തിന ശേഷം സമൂഹമധ്യത്തിൽ ഇറങ്ങേണ്ടവരാണ് ഓരോ വിദ്യാർത്ഥിയും . ജീവിത യാഥാർഥ്യങ്ങളിൽ പലതും ചുട്ടുപൊള്ളുന്നവയാണ് . എന്നാൽ, ഇവയെ നിർഭയം നേരിടാനും അതിജീവിക്കാനുമുള്ള കഴിവിന് പഠ്യേതര പ്രവർത്തനങ്ങളിലൂടെ മുൻകൂട്ടി ആർജിക്കുവാൻ കഴിയും . അതിനായി വിദ്യാർത്ഥികളെ ചട്ടക്കൂട്ടിൽ മാത്രം ഒതുക്കി നിർത്താതെ അവരെ പല മാനുഷിക വർത്തനങ്ങൾ വളർത്തുന്ന പ്രവർത്തനങ്ങളിലേക്കും കൊണ്ട് വരേണ്ടതുണ്ട് .പ്രഗൽപാരായ അദ്ധ്യാപകർക്ക വാഴ്യികാട്ടികളാകാനാകും

വിദ്യാർത്ഥികളുടെ കാഴ്യിവുകൾ തിരിച്ചറിഞ്ഞു അവയെ പ്രോൽസാഹിപ്പികയുന്ന വിധത്തിൽ മുന്നോട്ടുപോകാൻ പരമാവധി ശ്രമിക്കുന്ന അദ്ധ്യാപകരാണ് ഞങ്ങളുടെ സ്കൂളിൽ ഉള്ളത് . സാഹിത്യത്തിലാണോ ,ശാത്രത്തിലാണോ ,കകലാകായിരംഗത്താണോ കുട്ടിയുടെ അഭിരുചി എന്ന് തിരിച്ചറിഞ്ഞു മുന്നോട്ടു നീഗുവാൻ അവർ ശ്രമിക്കുന്നുണ്ട് .ക്ലാസ്ഥലത്തിലും സ്കൂൾതലത്തിലും കുട്ടികളുടെ കഴിവുകൾ പ്രകടിപ്പിക്കയുവാനുള്ള അവസരം നൽകാറുണ്ട് .അവനവനിലുള്ള കഴിവുകളെ തിരിച്ചറിഞ്ഞു വികശിപികുന്നതിനൊപ്പം മികച്ച ഒരു സമ്മൂഹാജിവിയായി വളരാനും പദ്യതാരപ്രവർത്തനങ്ങൾ വിദ്യാർത്ഥികളെ പ്രാപ്തരാക്കും .

വിദ്യാലയത്തിലും സംമൂഹത്തിലും മാത്രമായി പാഠ്യതരപ്രവർത്തനങ്ങളേ ഒതുക്കി നിർത്തടത്തില്ല .നമ്മുടെ വീട്ടിലും പറമ്പിലും ഒട്ടേറെ പ്രവർത്തനങ്ങൾകവസരം കണ്ടെത്തുകയും വേണം . അതിന്നു അദ്ധ്യാപകർ ഞങ്ങളെ പ്രോത്സാഹിപ്പിക്കയറുണ്ട് . പ്രകൃതിയോട് ഇണങ്ങി നിൽക്കാൻ പാഠ്യത്താരകൾക് കഴിയും . പടപുഷ്കത്തിന് പുറത്തും ഉള്ള എന്തും പാഠ്യതരപ്രവർത്തനവുമായി ബെന്തപെട്ടവയാണ് . അതുപോളർതന്നെ പാഠപുസ്തകത്തില്ലേ പടികയാണ് പ്രയാസമുള്ള ഭാഗങ്ങൾ നമുക്ക് ഇത്തരം പ്രവർത്തനങ്ങളിലൂടെ എള്ളുവത്തിൽ മനസിലാകാൻ സാധിക്കും . എന്നിക്ക് എന്റേത് എന്ന് മാത്രം ചിന്തിച്ചിരുന്ന കുട്ടികൾക്ക് നമുക്ക് നമ്മുടേത് എന്നൊക്കെ മാറി ചിന്തികെയുവാൻ ഇത്തരം പ്രവർത്തനങ്ങൾക്ക നമ്മളെ പ്രാപ്തരാക്കും .

അതിനാൽ ഇന്ന് മുതൽ ഇനിയെന്നും നമ്മുക്ക് ആവുന്നവിധം പാഠ്യതരപ്രവർത്തനങ്ങളിൽ ഇറാഖിച്ചെല്ലുവാൻ നാം സ്രമികൃന്നം . അദ്ധ്യാപകർക്കും ഇതിൽ നല്ലയൊരു പേജ്ജതന്നെ വേണ . അതുകൊണ്ടുതന്നെ പഠനത്തിന് പുറമെ പാഠ്യതരപ്രവർത്തനങ്ങളിലും നമ്മുടെ സ്കൂളിനെ കൂടുതൽ മുന്നോട്ടു കൊണ്ടുവരാൻ നാം ഓരോരുത്തരും ശ്രമിക്കണം

**ഗൗരി നന്ദന എം .എസ്**

****************



## *എന്റെ  വിദ്യാലയം*

**D Savitha H S A**

മലയാള സാഹിത്യ ശാസ്ത്ര പണ്ഡിതനായ കേരളപാണിനിയുടെ ഓർമ്മയിലൂടെ മാവേലിക്കരയ്ക്ക് നിത്യ കൗമാരം പ്രദാനം ചെയ്തുകൊണ്ട് ശോഭിക്കുന്ന വിദ്യാലയം, അതാണ് എ. ആർ. രാജ രാജ വർമ്മ സ്മാരക ഗവൺമെന്റ് ഗേൾസ് ഹയർ സെക്കണ്ടറി സ്കൂൾമാവേലിക്കര.

സ്വപ്നങ്ങൾ പൂവണിയുന്ന കൗമാരഘട്ടങ്ങളുടെ കാ ലാകാലങ്ങളായ നെടുവീർപ്പുകൾ ഏറ്റുവാങ്ങി ഓർമകളിൽതെന്നിയാടുന്ന ഫലവൃ ക്ഷങ്ങളും, എന്തൊക്കയോ മൊഴി യുവാനുണ്ട് എന്ന മട്ടിൽ ഇന്നും വിടർന്നുകൊഴിയുന്ന ചെറു പൂക്കളെ ശിരസ്സിലേറ്റി വിലസുന്നചെമ്പകമരങ്ങളും, ഇനിയുംവരാനിരിക്കുന്ന മക്കൾക്ക് സത്കരിക്കാൻ ഫലവുമായി കാത്തിരിക്കുന്നബദാമരങ്ങളും, ഓർമകൾ,പൊട്ടിച്ചിരികൾ, കളിവട്ടങ്ങൾ, ശാസനകൾ, കണ്ണീരിന്റെ നനുത്ത സ്പർശങ്ങൾ, ഇവ നിശ്വാസം പൊഴിക്കുന്ന, പൈതൃകം ഉറങ്ങുന്ന ക്ളാസ്സുറികൾ, കലയുടെ കളിവിളക്കുകൾ തെളിയുന്ന വേദി,ഇവ എല്ലാം ചേർത്തു വായിച്ചാൽ ഈ സരസ്വതി വിദ്യാലത്തിന്റെ പൂർണതയിൽ ഏറെക്കറെ എത്താൻ സാധിക്കും.

1896 മുതൽ പ്രശസ്തരായിതീർന്ന സ്ത്രീരത്നങ്ങളിൽ ചിലരെങ്കിലും ഈ സ്കൂളിലെ പൂർവ വിദ്യാർത്ഥി നികളായിരുന്നു എന്നത് അഭിമാനാർഹമായ കാര്യമാണ്. ഇന്നും ഭാവി വാഗ്ദാനങ്ങളായി, കാലത്തിന്റെമാറ്റം ഉൾക്കൊണ്ട് പ്രതിഭാസമ്പന്നരായ പെൺകുട്ടികൾ പ്ലസ്റ്റുഘട്ടം പിന്നിട്ടുപോകുന്നു.

വിദ്യാർത്ഥിനികളെപോലെതന്നെ ശ്രേഷ്ഠരായ പ്രഥമദ്ധ്യാപകരും, അധ്യാപകരും ഈ സ്കൂളിന്റെ പ്രസക്തിയുടെ ഭാഗദേയം നിർണയിച്ചവരിൽ പെടുന്നു. അക്കാദമിക, കലാ, കായിക പ്രവർത്തനങ്ങളിൽ ആലപ്പുഴജില്ലയിലെ തന്നെ മികവുറ്റ വിദ്യാലയങ്ങളിൽ ഒന്നാണ് ഇത് എന്ന് അഭിമാനത്തോടെ പറയാം. ആലപ്പുഴയും കടന്ന് അന്തർദേശ്ശീയതലത്തിലേക്ക് കടക്കുന്ന ഈ സ്കൂൾ, ആ നിലവാരം സംരക്ഷിച്ചു, മാവേലിക്കരയുടെ, കേരളത്തിന്റെ, ഭാരതത്തിന്റെ തന്നെ അഭിമാനം ആകട്ടെ എന്നു നമുക്ക് പ്രാർത്ഥിക്കാം.....

*******************

# സ്നേഹം എന്ന വരദാനം

സ്നേഹമാം ജീവിതം സന്തോഷഭരിതം

സുഹ്രിദമം ജീവിതം ആനന്ദഭ്രരിതം

സ്നേഹ സുഖ നിമിഷങ്ങൾ ആഹ്ലാദപൂർണിതം

നമ്മൾക്കും നൽകാം ആ നല്ല നിമിഷങ്ങൾ

ആരുമില്ലാത്തവർക്ക അഭയമായി നിന്നിടാം

സ്നേഹാർദ്രപൂർണമാം ജീവിതം നൽകീടാം

സുഖദുഃഖ നിമിഷങ്ങൾ പങ്കുവെച്ച

നാമിതാ അവരോടൊപ്പമായി ചേർന്നനിന്നീടാം

ദൈവത്തിൻ ദാനമാം സ്നേഹമല്ല

അതിനൊത്ത നിമിഷങ്ങൾ അനന്തമല്ലേ

സ്നേഹവും ജീവിതവും ഒത്തുചേർന്നാൽ

മതി ലോകമാം ജീവിതം അനന്തപൂർണിതം

സി കെ ലക്ഷ്മി ദേവി **9 B .**



# എന്റെ വിദ്യാലയം

എന്റെ വിദ്യാലയം , എന്റെ വിദ്യാലയം
മനോഹരമാണെന്റെ വിദ്യാലയം ,
അറിവുപകരുമെൻ വിദ്യാലയം
നന്മ നിറഞ്ഞൊരു വിദ്യാലയം
നന്മപഠിപ്പിക്കും  വിദ്യാലയം
സ്നേഹം പഠിപ്പിക്കും വിദ്യാലയം
കഴിവ് വികസിപ്പിക്കും വിദ്യാലയം
ആത്മധൈര്യം തരും വിദ്യാലയം
കൂട്ടുകാർക്കൊത്തു നിൽക്കുമെൻ വിദ്യാലയം
ലോകം മുഴുവൻ എൻ വിദ്യലയം
എന്റെ വിദ്യാലയം , എന്റെ വിദ്യാലയം .

**ധന്യ . കാർത്തിക് 5 B**



# STUDY TOUR REPORT.

Sreya.B.S.
**VII.A**

## INTRODUCTION.

The Study Tour as per the curriculum ws an exposure trip to the places of educational or historical importance
The tour programme was planned by Social Studies club of Govt.Girls Higher Secondary School,Mavelikara for one day. It was a journey to the some historical places in Alappuzha.

## OBJECTIVES.

